അതെ, ഉദ്യോഗകാര്യത്തെപ്പററി അവളുടെ അടുക്കൽ ആരെങ്കിലും ചോദിച്ചാൽ ഇതാണു സമാധാനം! ''ഇന്നോ നാളെയോ'' പലതു കഴിഞ്ഞു ജോലിക്കുള്ള 'ആർഡറൊ! ഓ! അതു എഴുതി കഴിയേണ്ടേ!

ഉദ്യോഗം! അവളുടെ ആശയ്ക്കു് അവിടെ ഒരു പൂർണ്ണവിരാമം ഇടേണ്ടി വന്നു. അവൾ അറിഞ്ഞിരുന്നില്ല ഉദ്യോഗലബ്ധിക്ക് രണ്ടു മഹാസമുദ്രം തരണം ചെയ്യേണ്ടതുണ്ടെന്നു്. കൈയ്ക്കൂലി! ശിപാശ് !! ...........ഓരോ ആഫീസുകളിലും അവൾ അപേക്ഷ അയച്ചു നോക്കി. ''ഒഴിവില്ല'' ഇതായിരുന്നു എവിടെനിന്നും മറുപടി. സർക്കാരുദ്യോഗത്തിനുള്ള ശ്രമം തല്ക്കാലം നിറുത്തിവച്ചു.

പല കമ്പിനികളിലും ശ്രമിച്ചു. അവിടെയും ഫലം? തഥൈവ. ശിപാശ്ക്കത്തുകളുമായി അവൾ പല ആഫീസുകളിലും ഹാജർ കൊടുത്തു. ''ഒഴിവു വരുമ്പോൾ നോക്കിക്കൊള്ളാം.'' അതെ, ഒഴിവു വരുമ്പോൾ നോക്കിക്കൊള്ളാം പോലും! ആരെ? നല്ല സമാധാനം!

നടന്നു നടന്നു കാലു കുഴഞ്ഞു. എഴുതി എഴുതി കൈ കുഴച്ചു. ആശിച്ചാശിച്ചു തല പുണ്ണായി. നിരാശ അവളെ പുല്ലിളിച്ചു കാണിച്ചു. അവൾ വീട്ടിലേക്കു മടങ്ങി.........

പെട്ടെന്നൊരു വ്യതിയാനം. ഒരിക്കലും അതത്ര സന്തോഷപ്രദമല്ല. കമല ഒരു തനി നാഗരികയുവതിയായിട്ടാണു ജീവിച്ചിരുന്നതു്. അവൾക്കു എങ്ങിനെ ഈ കുഗ്രാമവാസം ഇഷ്ടപ്പെടും?

ജനനിബിഡമായ തെരുവീഥികളൊന്നും അവിടെയില്ല. ഇരച്ചു മൂളിപ്പായുന്ന വാഹനസഞ്ചയങ്ങളുമില്ല. അവളുടെ സൗന്ദര്യമോ പ്രൗഢിയോ കണ്ടു രസിക്കത്തക്ക ചെറുപ്പക്കാരുമില്ല. പാവപ്പെട്ട കൃഷിക്കാരുമായിട്ടാണ് അവൾക്കു ഇടപെടേണ്ടതു്. അവളുടെ കൂട്ടുകാരികൾ പരിഷ്ക്കാരത്തിന്റെ ലേശം തൊട്ടുതെറിച്ചിട്ടില്ലാത്ത ഗ്രാമീണ യുവതികളാണ്. വല്ലപ്പോഴും, ആ ഗ്രാമപാതയിൽകൂടി കണ്ണുകഠോരമായി, ശബ്ദിച്ചുകൊണ്ടു പോകുന്ന ചക്കടാവണ്ടികളാണ് അവൾ ദർശിക്കുന്ന വാഹനങ്ങൾ! ഒരുത്തൻപോലും അതിൽ ഇരുന്നു അവളെ നോക്കി ചിരിക്കാനില്ല. നാലുമണിക്കു ശേഷം സവാരിക്കിറങ്ങുവാൻ പാർക്കില്ല. ബിച്ചില്ല. ക്ലബ്ബില്ല. കൂട്ടുകാരുമില്ല!

കഷ്ടം! കൃത്രിമ മോടികൾ കണ്ടു കണ്ണു മങ്ങിയ അവൾക്കു പ്രകൃതിയുടെ കളങ്കമററ രാമണീയകത്തെ കണ്ടാനന്ദിക്കുവാൻ ത്രാണിയില്ല. നാലു പാടും പച്ചവർണ്ണം കലൎന്ന വി

ളങ്ങുന്ന സസ്യാദികൾ! പച്ചപ്പട്ടുപോലെ പ്രശോഭിക്കുന്ന പുൽതകടികൾ! അതിൽ സേ്വച്ഛാനുസരണം മേഞ്ഞുകൊണ്ടിരിക്കുന്ന കന്നുകാലികൾ! ചെറിയ ചെറിയ പുല്ലിക്കുടിലുകളോടുകൂടിയ കൊച്ചുകുന്നിൻചെരുവുകൾ! കലച്ചുമറിഞ്ഞ്, ഇളംകാററത്താടിലസിക്കുന്ന കതിരുകൾ തിങ്ങിനില്ക്കുന്ന നെല്ലിൻപാടങ്ങൾ! ആ ഗ്രാമത്തിലെ സായാഹ്നവേള എത്ര മനോഹരമായിരിക്കും! പരമാനന്ദമായിരിക്കും!! പക്ഷെ, അവൾക്ക് ഇതെല്ലാം വിരസങ്ങളാണ്.

ഈ പരിവത്തനം എങ്ങനെയും സഹിക്കാം. എന്നാൽ ഇത് അവൾ അശേഷം കരുതിയിരുന്നതല്ല. അവളുടെ മാതാവു പനി പിടിച്ചു കിടപ്പിലായി. തൻമൂലം അടുക്കള ജോലി അവൾ വഹിക്കേണ്ടതായി വന്നുകൂടി.

കാളേജിൽനിന്ന് അടുക്കളയിലേക്ക് ഒരു പ്രമോഷൻ! അത് എത്ര സന്തോഷമായിരിക്കും! കാളേജിൽവച്ച്, അവൾക്കു 'ലാബ്രട്ടറി വക്ക്' ചെയ്യാൻ എന്തുത്സാഹമായിരുന്നു. അടുക്കളയും ഒരു 'ലാബ്രട്ടറി' തന്നെയല്ലെ. അതെ. സ്വല്പം വ്യത്യാസമുണ്ടെന്നു മാത്രം!

സുഗന്ധതൈലങ്ങൾ പുരട്ടി പരിശീലിച്ച അവൾ! എങ്ങനെ അടുക്കളയിലെ പുകമണം സഹിക്കും? ആവശ്യാനുസരണം സൗകര്യമായി കത്തിക്കാവുന്ന 'ബുൺസൺ ബേർണർ' ഉപയോഗിച്ചു ശീലിച്ച അവൾ! പുകഞ്ഞു കത്തുന്ന അടുപ്പിൽ ഊതി ഊതി എത്ര കഷ്ടപ്പെടണം? അന്ന്! പലരുടേയും മനം കലക്കിയിരുന്ന അവളുടെ മോഹന കണ്ണുകൾ! ഇന്നോ? അടുക്കളയിലെ പുകയേററു സ്വയം കലങ്ങി. അന്ന്! അവൾ 'ലാബ്രട്ടറി'യിൽനിന്നും ജോലി ചെയ്യുമ്പോൾ എത്ര സഹപാഠികളാണ് അവൾക്കു കടാക്ഷനിക്ഷേപങ്ങൾ അപ്പിക്കാറുണ്ടായിരുന്നത്. ഇന്നോ? അവളുടെ മുഖത്ത് തുറിച്ചുനോക്കി, അടുപ്പിൻചുവട്ടിൽ ചുരുണ്ടുകൂടി കിടന്നിരുന്ന ഒരുണ്ടൻ പൂച്ച മാത്രം!...........

അവളുടെ ആശാചിത്രത്തിലെ ഒരു ഭാഗം ഇങ്ങനെ കരി വാരിത്തേച്ചു. എങ്കിലും വേറൊരു ഭാഗം അവൾ ഭംഗിയായി തെളിയിക്കാൻ തുടങ്ങി. പക്ഷെ, അവിടെയും—? അവളുടെ കൈകൾ വിറച്ചു. ഹൃദയം ത്രസിച്ചു. മനോഹരമായ ഒരു ഭാവി ജീവിതം—ദാമ്പത്യജീവിതം അവൾ ആശയിൽകൂടി ദശിച്ചു. ബാലചന്ദ്രൻ. അതെ, അയാൾ ഒരു വലിയ ഉദ്യോഗസ്ഥനായിത്തീരും. അവൾ ഒരു 'കൊച്ചമ്മയും.' അഥവാ അദ്ദേഹത്തിനു ഉദ്യോഗമൊന്നും കിട്ടിയില്ലെങ്കിൽ തന്നെയോ? സുഖമായിട്ടു ജീവിക്കാനുള്ള പണമുണ്ട്. അവൾ പലതും ആശിച്ചു. ആനന്ദിച്ചു. അഹാ! ആശ എന്നൊന്നില്ലായിരുന്നെങ്കിൽ മനുഷ്യർ പലപ്പോഴും ആത്മഹത്യയ്ക്കുകൂടി മടിക്കുകയില്ല!

മാസങ്ങൾ പലതു കഴിഞ്ഞു. എന്നിട്ടും ഒരെഴുത്തുപോലും അവൾക്കു ബാലചന്ദ്രനിൽനിന്നും കിട്ടിയില്ല. "ഒരു പക്ഷേ, അദ്ദേഹം എന്നെ മറന്നുപോയിരിക്കുമോ? ഇല്ല. തീച്ചയായും ഇല്ല. അഥവാ അങ്ങനെയാണെങ്കിൽ തന്നെയോ? എനിക്കു അനുരൂപനായ ഒരു വരനെ,—ഒരു പണക്കാരനെയോ—ഒരു വലിയ ഉദ്യോഗസ്ഥനെയോ—ലഭിക്കുകയില്ലെന്നുണ്ടോ?" അവൾ പലതും ചിന്തിച്ചു. ആശിച്ചു. വിശ്വസിച്ചു.

അവൾക്കു പല വിവാഹാലോചനകളും വന്നുകൊണ്ടിരുന്നു. എന്നാൽ അവൾ ആശിച്ചിരുന്നപോലെ ആരും അത്ര വലിയ പണക്കാരായിരുന്നില്ല. ഉദ്യോഗസ്ഥന്മാരും ആയിരുന്നില്ല.

ഹാ! അന്ന്! അവൾ കാളേജിൽ പഠിക്കുമ്പോൾ! എത്ര പണക്കാരുടെ മക്കളാണ് അവൾക്കു പ്രേമലേഖനം അയക്കാറുണ്ടായിരുന്നത്! എത്ര ചെറുപ്പക്കാരായ ഉദ്യോഗസ്ഥന്മാരാണ് അവളെ 'കണ്ണുവച്ചി'രുന്നത്! അവരെല്ലാം ഇന്ന് എവിടെ? പ്രജ്ഞതയില്ലാത്ത ലോകം. അവൾ കരുതി.

ഇങ്ങനെ, ആശയും നിരാശയും ചിന്തയും കൊണ്ട് വഷം രണ്ടു കഴിഞ്ഞു. കമലയ്ക്കു വയസ്സ്? ഇരുപത്തിനാല്! ഉദ്യോഗമൊന്നും ഇതേവരെയും കിട്ടിയിട്ടുമില്ല. അവസാനക്കൈയായി, പബ്ലിക്ക് സവ്വീസ് കമ്മീഷനെ കാണാൻ അവൾ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. അഞ്ചിന്റെ രണ്ട്, പത്തിന്റെ നാല്, ഇങ്ങനെ ആറു കറൻസി നോട്ടുകൾ അവിടുത്തെ ഒരു ക്ലാക്കിനു കാഴ്ചവച്ചു..........രണ്ടു ദിവസം 'വെയിററു' ചെയ്യുവാൻ ആ 'കറൻസി കാമുകൻ' അഭിപ്രായപ്പെട്ടു...........

അനേക നാളായി അവൾ ആഗ്രഹിച്ചിരുന്ന ആ നഗരജീവിതം! ഒരു പുതിയ ജീവൻ അവൾക്കു നല്കി. ജോലി തീച്ചയായും ഇത്തവണ കിട്ടുമെന്നു വീട്ടിലേക്കു എഴുതി അയച്ചു. വീട്ടുകാക്കു ഇതിൽ കൂടുതൽ ഒരാനന്ദം ഉണ്ടാ

കാനില്ല. ഉദ്യോഗസ്ഥയായി മടങ്ങി വരുന്ന മകളെ സല്ക്കരിക്കുവാൻ അച്ഛനമ്മമാർ ഒരുക്കം ചെയ്തു.

തന്റെ പല കൂട്ടുകാരേയും അവൾക്കു് അവിടെ കാണുവാൻ സാധിച്ചു. അവരെല്ലാം ഓരോ നിലയിൽ എത്തിച്ചേർന്നിരിക്കുന്നു. അക്കൂട്ടത്തിൽ—? അതു് അവൾക്കു് ഒരു അത്യത്ഭുതമായിരുന്നു! അന്നു് അവളുടെ കൂടെ ഒരു 'ജാനകിഅമ്മ' പഠിച്ചിരുന്നു. കമലത്തിന്റെ പകുതി സൗന്ദര്യംപോലും അവൾക്കില്ലായിരുന്നു! നിറമാണെങ്കിൽ അല്പം കറുപ്പ്! ഒരു മനുഷ്യൻപോലും അവൾക്കു് അന്നു പ്രേമലേഖനം അയച്ചിരുന്നില്ല. എന്നാൽ ഇന്നോ? അവൾ ഒരു മജിസ്ട്രേട്ടു് 'അങ്ങു'ന്നിന്റെ 'കൊച്ചമ്മ'യാണു്! അവളുടെ ഭാഗ്യം! എന്തു പറയേണ്ടു? കമലം തന്റെ പഴയ കൂട്ടുകാരിയെ കണ്ടപ്പോൾ മുഖം മറച്ചു നടന്നുകളഞ്ഞു....................

ദിനാന്തരവി അറബിക്കടലിൽ ആറാടുവാൻ ആരംഭിച്ചുകഴിഞ്ഞു. കനകപ്പൊടി വിതറിയ കല്ലോലമാലകൾ ആലോലനൃത്തം ചെയ്യുന്നതു കണ്ടാനന്ദിച്ചു്, കമലം ശംഖുംമുഖത്തു കാററുകൊള്ളുകയായിരുന്നു.............പെട്ടെന്നു അവളുടെ ശ്രദ്ധ കുറച്ചു അകലെ കിടന്നിരുന്ന ഒരു കാറിൽ പതിഞ്ഞു. അതിനകത്തു്—? സുപരിചിതമായ ഒരു മുഖം. അവളുടെ ആശാകാമുകൻ ബാലചന്ദ്രൻ. അവൾ മന്ദംമന്ദം അടുത്തുചെന്നു...........

"ബാലചന്ദ്രൻ!"

"ഹലൊ, മൈ ഗാഡ്! നിങ്ങൾ തന്നെയോ കമലം?" അയാൾ കാറിൽനിന്നും ഇറങ്ങി അവളുടെ കരം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു.

"അതെ, ആ നിർഭാഗ്യവതി തന്നെ."

"നിർഭാഗ്യവതിയോ? നിങ്ങൾ എന്നെ കളിയാക്കുകയാണോ?"

"ഞാനോ? ഈ പാവപ്പെട്ട ഞാൻ അങ്ങയെ കളിയാക്കുന്നുവെന്നോ?"

"അതിരിക്കട്ടെ. ഭവതി ഇവിടെ വരുവാനുള്ള കാരണം?"

"അലഞ്ഞുതിരിയുന്നവൾക്കു് എവിടെയാണു ചെല്ലുവാൻ പാടില്ലാത്തതു്?"

"അതാ, പിന്നെയും തുടങ്ങിയല്ലൊ. ഇല്ല. ഞാനൊന്നും ചോദിക്കുന്നില്ല."

"എന്റെ ഭാഗ്യദോഷം തന്നെ. അല്ലെങ്കിൽ ഞാൻ പറയുന്നതൊന്നും വിശ്വസിക്കാതിരിക്കുമോ?"

"കമലം! ഭവതി പരീക്ഷയിൽ പാസ്സായി എന്നു ഞാൻ അറിഞ്ഞു."

"ഓ—അത്രയും സന്മനസ്സുണ്ടായല്ലോ."

"ആട്ടെ, ഭവതി ഇപ്പോൾ എന്തു ചെയ്യുന്നു."

"കൊള്ളാം. കാണാൻ പാടില്ലേ. അലഞ്ഞുതിരിയുക തന്നെ."

"അതെ, കാര്യം പറയുമ്പോഴും കളി. ഭവതിക്കു വല്ല ജോലിയും കിട്ടിയോ?"

"എന്തു ജോലി? ഇതുതന്നെ ജോലി."

"ഞാൻ ഒന്നും ചോദിക്കുന്നില്ല. പോരെ."

"അല്ല, ഞാൻ പറയാം. ജോലിയൊന്നും കിട്ടിയില്ല.

"ശ്രമിച്ചുമില്ലേ?"

"ഓ—"

വാസ്തവത്തിൽ കമലയ്ക്കു സംഭാഷണം തീരെ രസമായില്ല. അതെ, എങ്ങനെ രസമാകും? രണ്ടുകൊല്ലത്തോളം അന്യോന്യദർശനം കൂടാതെ,—യാതൊരു വിവരവുമറിയാതെ—കഴിച്ചുകൂട്ടിയ ഒരു കാമുകൻ, ഇങ്ങനെയാണോ സല്ലാപത്തിനാരംഭിക്കുന്നതു്? അവൾ പ്രണയകലഹത്തിനു കച്ചകെട്ടിത്തുടങ്ങി.

"ബാലചന്ദ്രാ! അങ്ങു നല്ല മിടുക്കൻ തന്നെ—"

"ഉം—എന്താ."

"ഒരെഴുത്തുപോലും—"

"ഓ, മൈ ഡിയർ കമലം! ക്ഷമിക്കണം. ഞാൻ ഭവതിയുടെ 'അഡ്രസ്സ്' മറന്നുപോയി."

ആവൂ! കമലയ്ക്കു തെല്ലാശ്വാസമായി.

"അതെ അതെ, എന്നെപ്പററി സ്വല്പമെങ്കിലും വിചാരമുണ്ടായിരുന്നെങ്കിൽ മറക്കുമായിരുന്നോ?"

"കമലം! വാസ്തവത്തിൽ ഞാൻ എല്ലാംകൊണ്ടും കുററക്കാരൻ തന്നെ."

"ഓഹോ! ഭംഗിവാക്കു പറയുവാൻ ആണുങ്ങൾക്കു നല്ല സാമർത്ഥ്യമുണ്ടല്ലോ—"

"ഇല്ല. പെണ്ണുങ്ങളോളം ഇല്ല........."

അവർ പിന്നെയും പലതും സംസാരിച്ചുകൊണ്ടിരുന്നു. ചെഞ്ചായം പൂശിയിരുന്ന മേഘശകലങ്ങൾ മങ്ങളിച്ചുതുടങ്ങി. അല്പസമയം കഴിഞ്ഞപ്പോൾ അവ ചാരനിറമാണ്ടു. അതാ, പിന്നെയും! അനശ്വരമായ ലോക

ജീവിതംപോലെ, കാളിമാദ കലരുകയും ചെ
യ്തു............

"കമലം! ഭവതി, ഇവിടെ വന്നിരിക്കുന്ന
തെന്തിനാണെന്നു ഇനിയും പറഞ്ഞില്ലല്ലോ."
ബാലചന്ദ്രൻ തുടന്നു.

"അങ്ങയെ, കാണുവാനല്ലാതെ പിന്നെ
ന്തിനാണ്." അവൾ അധരപുടങ്ങളെ സ്വ
ല്പമൊന്നു കടിച്ചമർത്തിക്കൊണ്ടു പറഞ്ഞു.

"അതാ, തുടങ്ങിയല്ലോ പിന്നെയും. കാ
ര്യം പറയൂ കമലം."

"അല്ലെങ്കിൽ ?—"

"വേണ്ട. എനിക്കു കേൾക്കണ്ട."

"എന്നാൽ—ഞാൻ പറഞ്ഞാലോ."

"ഉം—"

"ഒരു ജോലിക്കു വേണ്ടിയാണ്, ഞാനിവി
ടെ വന്നിരിക്കുന്നത്."

"ഇതു നേരത്തെ പറഞ്ഞിരുന്നെങ്കിൽ—"

"എപ്പോൾ ? കണ്ടയുടനെയോ ?"

"അമ്പോ! പെണ്ണുങ്ങളുടെ നാക്ക്!"

"ആണുങ്ങളുടെ വാക്കും."

"കമലം! ഭവതി ഇനി എന്നു തിരിച്ചു
പോകുന്നു ?"

"രണ്ടു ദിവസം കഴിഞ്ഞിട്ട്."

"കമലം! എനിക്കു ഭവതിയോടു ചില കാ
ര്യങ്ങൾ സൗകര്യമായി പറയാനുണ്ട്. ദയവു
ചെയ്തു നാളെ എന്റെ വീട്ടിലേക്കു വരുമോ ?
ലാഡ്ജ് എവിടെയാണെന്നു പറഞ്ഞാൽ ഞാൻ
കാറയക്കാം."

"മെജസ്റ്റിക്ക് ഹോട്ടൽ. റൂം നമ്പർ
ടെൻ."

"യെസ്. എന്നാൽ ഞാൻ ഇപ്പോൾ
പോകട്ടെ. കുറച്ചു തിരക്കുമുണ്ട്. 'തങ്ക'ത്തി
നു തീരെ സുഖമില്ല." അയാൾ വേഗം കാ
റോടിച്ചു പോയി..................

ബാലചന്ദ്രൻ ബനാറീസിൽനിന്നും 'എൻ
ജിനിയറിംഗ്' പരീക്ഷയും കഴിഞ്ഞു വന്നിട്ടു
മാസം രണ്ടു കഴിഞ്ഞതേയുള്ളു. ദൈവാധീനം
കൊണ്ട് വന്നയുടൻ ജോലിയും കിട്ടി. അ
യാൾ ഇപ്പോൾ ഒരു 'സബ്ബ്' ഡിവിഷൻ ആ
ഫീസരാണ്.

ഈ സംഗതിയെല്ലാം കമലം അറിഞ്ഞ
പ്പോൾ അവളുടെ സന്തോഷം സീമാതീതമാ
യിരുന്നു! മണ്ണടിഞ്ഞുപോയ അവളുടെ ആ
ശകൾ! വീണ്ടും പൊട്ടിക്കിളുർത്തു. ഒരു പ
ക്ഷേ, അവളുടെ സന്തോഷാധിക്യം അവിടെ
വച്ചല്ലായിരുന്നെങ്കിൽ—? തീച്ചയായും ബാല
ചന്ദ്രനിൽ പ്രദർശിപ്പിച്ചേനെ!

എന്തിലും—എങ്കിലും ? ഒരു ചെറിയ ഭയം.
അല്ല, ആശങ്ക. ആ—തങ്കം. ആരായിരി
ക്കാം ? അദ്ദേഹത്തിന്റെ—അല്ല. തീച്ചയാ
യും അല്ല. ആണെങ്കിൽ എന്തുകൊണ്ട് അവ
ളുടെ അടുക്കൽ പറഞ്ഞില്ല ? എന്തിന് അവ
ളെ അങ്ങോട്ടു ക്ഷണിച്ചു ? അതെ, അവൾ
അദ്ദേഹത്തിന്റെ സഹോദരിയാണ്. ചില
ചിന്താപതംഗങ്ങൾ അവളിൽനിന്നും പറന്നു
പോയി............

അടുത്ത ദിവസം. കമലത്തിന്റെ ഭാവി
ജീവിതത്തെ സ്പർശിക്കുവാൻ പോകുന്ന ആ ദി
വസം. മണി രണ്ടടിച്ചു. ബാലചന്ദ്രന്റെ
വീട്ടിലേക്കു പോകുന്നതിനായി കമലം 'ഡ്ര
സ്സ്' ചെയ്തുതുടങ്ങിയിട്ടു മണിക്കൂർ ഒന്നു കഴി
ഞ്ഞു. ഹോട്ടലിന്റെ മുൻവശം കാറു വന്നു
കിടപ്പായിട്ടു മണിക്കൂർ അരയായി. എന്നിട്ടും
കമല ഡ്രസ്സു ചെയ്തുകഴിഞ്ഞിട്ടില്ല. കണ്ണാടി
യെടുത്ത് തന്റെ അലങ്കാരങ്ങളെല്ലാം ഞെ
ളിഞ്ഞും പിരിഞ്ഞും നോക്കിത്തുടങ്ങി. ഒരു
വിധം തൃപ്തിപ്പെട്ടു കാറിൽ കയറി..........

മനോഹരമായ ഒരു മാളിക. അതിനു ചു
റ്റും നയനാന്ദകരമായ ഒരു പൂന്തോട്ടം. കെ
ട്ടിടത്തിന്റെ ഏതു ഭാഗത്തും വൈദ്യുത വിള
ക്കുകൾ. വാലിയക്കാരും മററും ധാരാളം......
ഹാ! കമലത്തിന്റെ സന്തോഷം. അവളു
ടെ ആശ. അതിരില്ലായിരുന്നു!..............
അവൾ കാറിൽ നിന്നും ഇറങ്ങിയ ഉടനെ,
പതിനഞ്ചോ പതിനാറോ വയസ്സ് പ്രായം
വരുന്ന ഒരു പെൺകുട്ടി അവളെ ക്ഷണിച്ചു
കൊണ്ട് അകത്തേക്കു പോയി.

"അക്കാ, ഞങ്ങൾ നിങ്ങളെ എത്ര നേരമാ
യി കാത്തിരിക്കുന്നു." ബാല്യപ്രായം കഴിയാ
ത്ത ഒരു കൊച്ചുപെൺകുട്ടിയെപ്പോലെ അ
വൾ, കമലത്തിന്റെ കൈയേൽ തൂങ്ങിക്കൊ
ണ്ടു പറഞ്ഞു.

"ഓ, ഞാൻ കുറച്ചു താമസിച്ചു. അദ്ദേ
ഹം അകത്തുണ്ടോ തങ്കം."

"പിന്നെ. അക്കനെങ്ങനെ എന്റെ പേ
രു മനസ്സിലാക്കി ?"

"കൊള്ളാം. എനിക്കു നിങ്ങളെയെല്ലാം
നേരത്തെ അറിയാം. അദ്ദേഹം സകലതും
എന്റെയടുക്കൽ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ത
മ്മിൽ—" അവൾ എന്തോ ആലോചിച്ചു

പെട്ടെന്നു നിറുത്തിക്കളഞ്ഞു.

"അക്കൻ, എന്താ പറയാൻ ഭാവിച്ചത്."

"ഏയ്, ഒന്നുമില്ല: നിയിപ്പോൾ പഠിക്കുന്നില്ലെ ?"

"ഉവ്വ്. സ്കൂൾഫയിനൽ ക്ലാസ്സിൽ."

തങ്കം! അവൾ താരുണ്യത്തിലേക്കു പിച്ചപിച്ച നടന്നുതുടങ്ങിയിട്ടെയുള്ളു. എങ്കിലും എന്താകർഷകമായ സൗന്ദര്യധാടി............കമലം അവളെ സഹോദരി നിർവ്വിശേഷം സ്നേഹിച്ചുതുടങ്ങി...............

വളരെനേരം അവർ മൂന്നുപേരും ഓരോ നേരമ്പോക്കും പറഞ്ഞു രസിച്ചിരുന്നു. ഈ അവസരത്തിലെല്ലാം കമലം ബാലചന്ദ്രനോടു തൊട്ടടുത്തു തന്നെയാണ് ഇരിന്നിരുന്നത്. കുറച്ചുകഴിഞ്ഞു, കാപ്പി കൊണ്ടുവരുവാൻ പറയുവാനായി, തങ്കം താഴത്തേക്കിറങ്ങിപ്പോയി. തങ്കം പോയിക്കഴിഞ്ഞയുടൻ ബാലചന്ദ്രൻ പറഞ്ഞു.

"കമലം! വാസ്തവത്തിൽ ഞാൻ കുററക്കാരനാണ്."

"ഇപ്പോഴെങ്കിലും അങ്ങനെ തോന്നിയല്ലോ."

"അതെ, ഞാൻ ഒരു മഹാപരാധമാണു ചെയ്തത്. അതിൽ ഭവതി ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു."

"സാരമില്ല. അങ്ങ് എന്തു കുററം ചെയ്താലും ക്ഷമിക്കേണ്ടവൾ ഞാൻ തന്നെയല്ലെ ?"

"അതെ."

അവൾ ഒരു മന്ദഹാസത്തോടുകൂടി അയാളോടു സ്വല്പംകൂടി അടുത്തിരുന്നു.

"ബാലചന്ദ്രാ !"

"കമലം !"

"അങ്ങെന്താണു വിവർണ്ണവദനനായിക്കാണുന്നത്."

"കമലം! ഞാൻ നിന്നോട് ഒരു കാര്യം പറയട്ടൊ."

"വേണ്ട. ഞാൻ കേട്ടുകഴിഞ്ഞു." അവൾ മന്ദം അയാളുടെ കൈകൾ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു.

പക്ഷെ, അയാൾ അതു മെല്ലെ തട്ടിക്കളഞ്ഞു.

"കമലം !"

"ഉം—" അവൾ വീണ്ടും അയാളുടെ കൈകൾ ഗ്രഹിക്കാൻ ശ്രമിച്ചു.

"കമലം ഞാൻ പറയുന്നതു കേൾക്കുക."

"എന്താണ് ? പറയരുതോ."

"ഞാൻ അപരാധിയാണ്."

"സാരമില്ല."

"ഞാൻ, ഭവതിയെ വഞ്ചിച്ചു."

"ഇല്ല, ഒരിക്കലുമില്ല."

"കമലം! ഭവതി ഇപ്പോഴും ആ കാളേജ ജീവിതം ഓർക്കുന്നോ ?"

"സംശയമോ. ആയുസ്സു മുഴുവൻ."

"എന്നാൽ, എനിക്കു മാപ്പു തരിക."

"എത്രയോ നേരത്തെ തന്നു കഴിഞ്ഞു. പോരെങ്കിൽ—" അവൾ അയാളുടെ മുഖത്തു പുഞ്ചിരിയോടുകൂടി നോക്കി.

"കമലം! മുഴുവൻ കേൾക്കുക."

"ഇതെന്തൊരു വിഷമം. വേണ്ടെന്നു പറഞ്ഞാൽ—"

"അല്ല. ഭവതി ഇതു കേൾക്കണം."

"വേറെ, വല്ലതുമാണോ ?"

"അതെ."

"എന്നാൽ, പറയു."

"ഞാൻ, ഭവതിയെ വഞ്ചിച്ചു."

"മതി മതി, എന്നെ അധികം കളിയാക്കണ്ട."

"അല്ല, കളിയാക്കുകയല്ല."

"ദൈവത്തെ ഓർത്ത്, മിണ്ടാതിരിക്കുമോ. ഞാൻ തങ്കത്തിൻെറയടുക്കൽ പോയിട്ടു വരാം." അവൾ അവിടെനിന്നും എഴുന്നേററു.

"വരട്ടെ. ഇതുംകൂടി കേട്ടിട്ട്."

"എന്നാൽ, പറയു."

"ഞാൻ വിവാഹിതനാണ്."

"അതെ, എനിക്കു നേരത്തെ അറിയാം. അന്ന്, എനിക്കു തന്ന എഴുത്തു ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്. ആ മഹനീയ പദം എനിക്കു തന്നതിന് ഞാൻ അങ്ങയെ—" അവൾ അർത്ഥഗർഭമായി അയാളുടെ മുഖത്തു സൂക്ഷിച്ചു നോക്കി.

"കമലം, ആ എഴുത്തിൻെറ കാര്യം കളയണം."

"പിന്നെ."

"തങ്കം. അവൾ എൻെറ ധർമ്മപത്നിയാണ്........"

അതാ, കമലം. അശനിപാതംകൊണ്ടെന്നപോലെ ജീവച്ഛവമായി. അവൾ കസേരയിൽത്തന്നെ വീണ്ടും ഇരുന്നു. ലോകം മുഴുവൻ അവളുടെ കൺമുമ്പിൽ കറങ്ങുന്നപോലെ അവൾക്കു തോന്നി. നാവു വരണ്ടു. ന

ട്ടുച്ചയ്ക്കുന്നപോലെ, പാവം വിയത്തുപോയി......നിശ്ശബ്ദം. രണ്ടുപേരും യാതൊന്നും സംസാരിക്കാതെ, മുഖത്തോടുമുഖം നോക്കിയിരുന്നിരുന്നു. തപ്തമായ ചില ദീർഘനിശ്വാസങ്ങൾ! അതേ, പലനാളായി അവൾ കെട്ടിപ്പൊക്കിയ ആശാസൗധത്തെ, ഇടിച്ചുപൊളിച്ചു ഞെരിച്ചു തകർത്തു വിഴുത്തിയ ആ ദീർഘനിശ്വാസങ്ങൾ! ഓരോന്നായി അവളിൽനിന്നും ബഹിർഗമിച്ചു. കണ്ണുനീർകണങ്ങൾകൊണ്ടു നയനങ്ങൾ കലങ്ങിമറിഞ്ഞു. ചുവരിൽ തൂക്കിയിരുന്ന ഘടികാരം, ഭയങ്കരമായ വിധത്തിൽ "ഡിങ്ങ് ഡാങ്ങ്" എന്നു നാലടിച്ചു......കമല അവിടെനിന്നും എഴുന്നേററു. "ബാലചന്ദ്രൻ, കൊള്ളാം." ഒരുവിധത്തിൽ അവൾ അത്രമാത്രം പറഞ്ഞുതീർത്തു വേഗം വെളിയിൽ ഇറങ്ങിപ്പോയി. അയാളാകട്ടെ കീഴ്പോട്ടു നോക്കിയിരുന്നതേയുള്ളു.

കാപ്പിയുംകൊണ്ടു വന്ന തങ്കം കാര്യമറിയാതെ അമ്പരന്നുപോയി. അവൾ പല പ്രാവശ്യം കമലത്തിനെ തിരിയെ വിളിച്ചുനോക്കി. പക്ഷെ അവൾ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. കാര്യമെന്താണെന്നു ബാലചന്ദ്രന്റെ അടുക്കൽ ചോദിച്ചിട്ട് അയാളും തല്ക്കാലമൊന്നും പറയുകയുണ്ടായില്ല. ഒരുപക്ഷെ, വേറൊരവസരത്തിൽ അയാൾ, അവളെ എല്ലാം ധരിപ്പിക്കുമായിരിക്കാം......................

ഗേററു കടന്നയുടൻ കമലം കണ്ടതു്— ഹാ! ആരെ? വിജയൻ. അയാൾ സൈക്കിളിൽ എതിരെ വരുന്നതു്. അവളെ കണ്ടയുടനെ അയാൾ സൈക്കിൾ നിറുത്തി താഴെയിറങ്ങി. വിജയൻ ഇപ്പോൾ 'ട്രാൻസ്പോർട്ടി'ൽ ഒരു ഇൻസ്പെക്ടരാണ്.

"കമലം, ഓ, നിങ്ങൾ ബാലചന്ദ്രന്റെ വീട്ടിൽ പോയിരുന്നതായിരിക്കാം അല്ലേ?" അയാൾ പരിഹാസസ്വരത്തിൽ ചോദിച്ചു. അവൾ ഒന്നും മിണ്ടാതെ കീഴ്പ്പോട്ടും നോക്കിനിന്നു.

"അതെ, കമലം, നിങ്ങൾ അന്നു് എന്നെ വഞ്ചിച്ചു. അതിനു പകരം നിങ്ങൾക്കും കിട്ടിക്കഴിഞ്ഞിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു." അയാൾ പിന്നീടൊന്നും പറയാതെ അവിടെനിന്നും പോയി. പാവം! കമലം! മ്ലാനവദനയായി അവളും 'ലാഡ്ജി'ലേക്കു മടങ്ങി...............

അവൾ 'ലാഡ്ജി'ൽ ചെന്നയുടൻ വിജയനു് ഒരു എഴുത്തെഴുതി. ഒരു പ്രേമലേഖനം, ചുരുക്കം ഇത്രമാത്രം. അവളുടെ കുററത്തെ ക്ഷമിക്കണം. താൻ ഇപ്പോഴും അയാളെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ട് എന്നും മററും.........

വൈകുന്നേരം അവൾക്കു വിജയനിൽനിന്നും മറുപടി കിട്ടി.

Dear Kamalam,

ഞാൻ ആത്മാർത്ഥമായി സഹതപിക്കുന്നു. നിങ്ങളുടെ പ്രേമം സെക്കൻറ് ഹാൻറ വില ക്കു ലാഭത്തിൽ കിട്ടുമെന്നു് എനിക്ക് അറിയാം. പക്ഷെ ഞാനതാഗ്രഹിക്കുന്നില്ല.

എന്നു്

വിജയൻ.

കമലം ആ എഴുത്തു് കുനുകുനെ കീറി ദൂരെ എറിഞ്ഞു.......തിരുവനന്തപുരത്തെ താമസം നരകവാസംപോലെ അവൾക്കു തോന്നി. പിറേറദിവസം അവൾ ആ 'കറൻസികാര്യക്കാരനെ' പോയി കണ്ടു.

"വീട്ടിലേക്കു പൊയ്ക്കൊള്ളുക. ആർഡർ അയച്ചുകൊള്ളാം." അവൾ സമാധാനപ്പെട്ടു വീട്ടിലേക്കു മടങ്ങി.........

ഒരാഴ്ച! ഒരു മാസം!! ഒരു കൊല്ലം!!! ആർഡർ ഇതേവരെയും വന്നിട്ടില്ല. കമലം! അവൾ ഇപ്പോഴും അവിവാഹിതയാണ്. അതെ, അവൾ മനസ്സിലാക്കിക്കഴിഞ്ഞു. ഒരു അവിവാഹിത ബി. എ.-ക്കാരിയുടെ പരമസങ്കടങ്ങൾ !.... ..........

അന്നും !?—ഇന്നും !! ?? എന്തന്തരം! അന്നു് ! അവൾക്ക് എന്തെല്ലാം ആശകൾ ഉണ്ടായിരുന്നു! ഇന്നോ? നിരാശയുടെ നഗ്നരൂപങ്ങൾ കണ്ടു പേടിച്ചു വിറങ്ങലിച്ച ഒരു സാധുസ്ത്രീ .......

കമലം! നീ എന്തിനു വ്യസനിക്കുന്നു? ഇതാണ് ഇന്നത്തെ ലോകം! ഭവതിയെപ്പോലെ ആശാലതകൾ നട്ടുവളർത്തുന്ന എത്ര സഹോദരികളുണ്ട്! എത്ര സഹോദരന്മാരും!! ആ ആശാലതയാൽ തന്നെ ചുററപ്പെട്ടു്, ശ്വാസംമുട്ടിപ്പിടഞ്ഞു കാലഗതിയിൽ അകപ്പെട്ടുന്നവരെത്ര? എത്രയെത്ര! ദൈവമെ! എന്റെ ആശ, പ്രാർത്ഥന, ഇത്രമാത്രം. അവരുടെയെല്ലാം ആശ സാധിക്കണേമെയെന്നു് !

അവിവാഹിതനായ വിജയൻ ഒരുപക്ഷെ കമലയെത്തന്നെ വിവാഹം ചെയ്യേക്കാം...... കമലം ഇപ്പോഴും പബ്ലിക്ക്സർവ്വീസ് കമ്മീഷണർ ആഫീസിൽനിന്നും ആർഡർ പ്രതീക്ഷിക്കുന്നുണ്ടാവാം!

# രഹസ്യം

(ഒരു പൂർവ്വവിദ്യാർത്ഥി)

ഞാൻ അന്നു ലീലയോടു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു അവളുടെ രഹസ്യങ്ങൾ ആരോടും പറയുകയില്ലെന്ന്. അതെല്ലാം വളരെ നാളുകൾക്കു മുമ്പായിരുന്നു. ഇന്നു അവൾ ആ കഥയൊക്കെ രഹസ്യഗണത്തിൽ കണക്കുകൂട്ടുന്നില്ല. അതിനാൽ അന്നു ഞാൻ പരസ്യമാക്കുകയില്ലെന്നു വാഗ്ദാനം ചെയ്തിരുന്ന വൃത്താന്തം നിങ്ങളോട് ഇപ്പോൾ പറയുന്നതിൽ അവൾ വിസമ്മതിക്കുകയില്ലെന്ന് എനിക്കു പൂർണ്ണവിശ്വാസമുണ്ട്.

വിധിവിഹിതമാണ് ഞങ്ങളെ സഹവാസിനികളാക്കിയത്. മെഡിക്കൽകോളജ് വിമൻസ് ഹോസ്റ്റലിലെ ഒരു മുറിയിൽ അന്നു ഞങ്ങളിരുവരും താമസിക്കയായിരുന്നു. അചിരേണ ഞങ്ങൾ സുഹൃദ്ബന്ധത്തിലേപ്പെട്ടു. ഇതരസഖികളെ അറിയിക്കുവാൻ മടിക്കുന്ന പല ഹൃദയരഹസ്യങ്ങളും ഞങ്ങൾ അന്യോന്യം തുറന്നുപറഞ്ഞിരുന്നു.

മലയാളി വിദ്യാർത്ഥിനികൾ സാധാരണയായി 'നാണംകുണുങ്ങി'കളാണെന്നു മദ്രാസുകാർ ചെയ്തുവന്ന റിമാർക്കു ലീലയെ സംബന്ധിച്ചിടത്തോളം അവാസ്തവമായിരുന്നു. അവൾ മാതൃഭൂമിയിലെ പുരാണ വനിതകളെപ്പോലെ ധീരതയും പ്രസരിപ്പുമുള്ളവളായിരുന്നു. അതിനാലായിരിക്കാം അവൾക്കു ദിനംപ്രതി വീരാരാധകന്മാർ വർദ്ധിച്ചുവന്നത്. ഞങ്ങളുടെ ക്രിക്കററു ക്യാപ്ററൻ ആണ്ടുതോറും ഇൻറർകോളേജിയേററു മത്സരത്തിൽ സ്വായത്തമാക്കി വന്ന 'കപ്പും' വാങ്ങി പ്ലാററുഫോറത്തിൽനിന്നിറങ്ങിയതു് ലീലയിൽനിന്നൊരു പുഞ്ചിരി പ്രതീക്ഷിച്ചുകൊണ്ടായിരുന്നു. മററു പല വിരുതന്മാരും അവളുടെ മൈത്രി സമ്പാദിക്കുന്നതിൽ പരസ്പരം മത്സരിച്ചിരുന്നു. ലീലയ്ക്കു ട്യൂഷൻ കൊടുക്കുന്നതിലും അവളുടെ പരിക്ഷാക്കടലാസിൽ കൂടുതൽ മാർക്കിടുന്നതിലും പ്രഫസ്സർ സി. എ. എൻ. മേനോൻ ശ്രദ്ധാലുവാണെന്ന് എല്ലാവർക്കും അറിയാം.

തൻെറ മൈത്രിയേയും സൌഹാർദ്ദത്തെയും പ്രാർത്ഥിച്ചടുത്തിരുന്ന സഹപാഠികളെ ആരെയും ലീല ഭഗ്നാശയരാക്കുക പതിവില്ലായിരുന്നു. കുടുകുടാ പൊട്ടിച്ചിരിച്ചുകൊണ്ടു വാഗ്ചാമൃതം ചൊരിഞ്ഞ് അവൾ അവരെയെല്ലാം സല്ക്കരിച്ചുവന്നു. എങ്കിലും മിസ്റ്റർ ശങ്കരനോടു കാണിച്ചുവന്ന മൈത്രിയിൽ ഒരു അസാധാരണത്വം ഉണ്ടായിരുന്നു. അതിനാൽ ഇരുവരുടെയും പരസ്പര സംഭാഷണത്തിലും പെരുമാററത്തിലും എന്തോ ഒരു "ഇതു്"? ഉണ്ടെന്ന് എനിക്കു തോന്നിയതിൽ എന്താണത്ഭുതം. ഒരിക്കൽ പ്രാക്ടിക്കൽക്ലാസ്സിൽ വച്ചു ലീല ശങ്കരൻെറ റബ്ബർ വായിപ്പ വാങ്ങിച്ചിട്ട് 'താങ്ക്സ്' എന്നു പറയുന്നതുകേട്ടു ഞാൻ തിരിഞ്ഞുനോക്കി. ഹാ! അപ്പോൾ ലീലയുടെ മുഖം ഒന്നു കാണേണ്ടതുതന്നെ ആയിരുന്നു. ലജ്ജയുടെ ഒരു നർത്തനരംഗമായിരുന്നു അപ്പോൾ ആ മുഖാരവിന്ദം. ഇംഗ്ലീഷുഭാഷ പരിചയിച്ചിട്ടുള്ളവർ സാധാരണ വിവക്ഷിക്കാറുള്ള അർത്ഥവ്യാപ്തിയല്ല അവളുടെ ആ 'താങ്ക്സി'ൽ ഗർഭീകൃതമായിരുന്നതു്. എന്തിനേറെ; ലീലയുടെയും ശങ്കരൻെറയും ഹൃദയരത്നങ്ങൾ അനുരാഗവല്ലിയിൽ കോർക്കപ്പെട്ടിരിക്കുകയാണ്. രഹസ്യം സൂക്ഷിക്കുന്നതിൽ ദത്താവധാനരായ അവർ കത്തുകൾമൂലമാണ് ഇപ്പോൾ സംഭാഷണം നടത്തുന്നതു്. ആദ്യമാദ്യം സംബോധനയ്ക്കു ഉപയോഗിച്ചുവന്ന 'സുഹൃത്തു' പോയി ഇപ്പോൾ 'പ്രിയതമനും പ്രിയതമ'യും പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഞങ്ങളുടെ കോളജിലും പരിസരങ്ങളിലും ഒരുതരം റോയിട്ടർ സർവ്വീസുകാരുണ്ടായിരുന്നു. ലീലയുടേയും ശങ്കരൻേറയും ഹൃദയസന്ദേശങ്ങൾപോലും സൂക്ഷ്മമായി അറിയുന്ന വാർത്താവിതരണക്കാരായ ഒരുകൂട്ടം നാരദന്മാർ. അവരുടെ സഹായത്താലായിരിക്കണം ലയോളാ കോളജിൽ വായിച്ചിരുന്ന ഗോപി—ലീലയുടെ ചാച്ചക്കാരൻ—ലീലാശങ്കരവേഴ്ചയുടെ എല്ലാ ഉള്ളുകള്ളികളും കണ്ടുപിടിച്ചിരുന്നതു്. ഹാ! അനുരാഗപഥത്തിൽ ഈ ചാച്ചക്കാരെന്നു പറയുന്ന കൂട്ടർ എന്തു ബോറന്മാരാണെന്നോ!! ചുരുക്കിപ്പറയാം. ഗോപിയുടെ പുറപ്പാടോടുകൂടി വലിയ ബഹളമായി. സംഗതികളെല്ലാം ലീലാശങ്കരന്മാരുടെ മാതാപിതാക്കളും മററുമറിഞ്ഞു. "പാട്ടംകൂടാതൊഴുകി"യിരുന്ന അവരുടെ "ഈടാർന്നുവാച്ചുമനുരാഗനദി" അണകെട്ടി നിർത്തപ്പെട്ടതുപോലെയായി. തത്ഫലമായി ശങ്കരൻ ഇപ്പോൾ ലീലയുടെ കാര്യം വിസ്മരിച്ച മട്ടിലാണ്. അവളുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽനിന്നുപോലും അവൻ ഒഴിഞ്ഞു മാറിവന്നു.

ലീലയാകുന്ന കോമളവല്ലി പ്രേമനിഷ്കടത്തിൽനിന്നു മരുഭൂമിയിലേക്കു പറിച്ചുനടപ്പെട്ടതുപോലെ ശുഷ്കിക്കുവാൻ തുടങ്ങി. പലപ്പോഴും അവൾ വിഷാദമഗ്നയായി മേശയിന്മേൽ മുട്ടുകൈയുമൂന്നി ഇരിക്കും. സമാശ്വസിപ്പിക്കുവാൻ ഞാൻ ശ്രമിക്കും. സ്നേഹഭാവത്തിൽ അവളെ ഞാൻ തലോടും. ഒരിക്കൽ അവൾ എന്റെ കൈ കുതറിമാററി ദേഷ്യഭാവം നടിച്ചിരുന്നു. കണ്ണുനീർ വാർത്തുകൊണ്ട് ഇങ്ങനെ പറഞ്ഞു:—

"സുമേ, എന്നെ തൊടരുത്." തന്റെ അവിവേകത്തെക്കുറിച്ചു ലീലയ്ക്കു പുനശ്ചിന്തയുണ്ടായി അവൾ പറഞ്ഞു. "സുമേ, എനിക്കു നിന്നോട് ഒരു വിരോധവുമില്ല. നീ എന്റെ മിത്രമാണ്." ഇങ്ങനെ പറയുമ്പോൾ തന്നെ അവൾ കോപംകൊണ്ടു വിറച്ചിരുന്നു. സംഗതി എനിക്ക് ഏതാണ്ട് ഊഹ്യമായിരുന്നു. അന്ന് അവൾക്ക് അതികലശലായ പനിയുണ്ടായി. അവളെ വളരെ ഇരുട്ടുന്നതുവരെ ഞാൻ പരിചരിച്ചുകൊണ്ടിരുന്നു. അവൾ കണ്ണടച്ചു. നിദ്രാദേവി അവളെ ആശ്ലേഷിച്ചു. അല്പം കഴിഞ്ഞ് അവൾ മുഷ്ടി ചുരുട്ടിക്കൊണ്ടു പറഞ്ഞു, "ഹാ ചതിയൻ, ശങ്കരൻ, ചതി.........."

പിറേറന്നു ലീല എന്നെ അടുത്തു വിളിച്ചു ചോദിച്ചു. "സുമേ, ഞാൻ ഇന്നലേ രാത്രി എന്തൊക്കെയോ പേക്കിനാവു കണ്ടു. ഞാൻ വല്ല പിച്ചുംപേയും പറഞ്ഞു നീ കേട്ടോ?" ഞാൻ ഒന്നും മറച്ചില്ല. അപ്പോൾ അവൾ എന്നെ കുറേക്കൂടി അടുപ്പിച്ചു പിടിച്ചുകൊണ്ടു പറഞ്ഞു. "സുമേ, ഞാൻ നിന്നോട് ഒരു രഹസ്യം പറയാം. എന്നാൽ നീ അതു് ആരോടും പറയുകയില്ലെന്നു വാഗ്ദാനം ചെയ്യുമോ?" "എന്റെ പ്രിയ ലീലേ," ഞാൻ പ്രതിവചിച്ചു, "നീ എന്നെ ഇതുവരെ മനസ്സിലാക്കിയില്ലേ? നിന്റെ രഹസ്യങ്ങൾ എന്റേയും രഹസ്യങ്ങളായി ഇരിക്കുന്നതാണ്. മിത്രധർമ്മം എനിക്കറിഞ്ഞുകൂടെന്നാണോ നിന്റെ വിചാരം."

പതിഞ്ഞ സ്വരത്തിൽ ലീല തന്റെ പ്രണയവൃത്താന്തവും അതിനു നേരിട്ട വിഘ്നവും തൻമൂലം ഇപ്പോൾ തനിക്കു ശങ്കരനോടു തോന്നുന്ന പാരുഷ്യവുമെല്ലാം എന്നെ പറഞ്ഞു കേൾപ്പിച്ചു. എങ്കിലും അവളുടെ ഹൃദയം ശങ്കരനിൽനിന്നു പ്രതിനിവർത്തിച്ചിട്ടില്ലെന്ന് ഊഹിക്കയാണ് ഞാൻ ചെയ്തത്. ലീലയുടെ സുഖക്കേടു മാറി പൂർവ്വസ്ഥിതിയിലാകുന്നതിന് ഒരു മാസം വേണ്ടിവന്നു. വീണ്ടും അവൾ ക്ലാസ്സിൽ ഹാജരാകാൻ തുടങ്ങി.

ശങ്കരന്റെ അകൽച്ചയിൽ പലരും ലീലയുടെ അടുത്തു കൂടുവാൻ തുടങ്ങി. ഒരുദിവസം അവളുടെ ക്ലാസ്സിലെ മേശയിൽ 'ശങ്കരൻ' എന്ന് എഴുതപ്പെട്ടിരിക്കുന്നതു ഞാൻ കണ്ടെങ്കിലും കാണാത്ത ഭാവം നടിച്ചിരുന്നു. ലീല അതു വെട്ടിക്കളഞ്ഞിട്ട് '**no**' എന്ന് അതിനടുത്തു തന്നെ കുറിച്ചു. പിറേറന്നു വേറൊരു പേര്—ചന്ദ്രശേഖരൻ—അവിടെ ആവിർഭവിച്ചു. ഇപ്രാവശ്യം അവൾ അതു വെട്ടിക്കളയാതെ തന്നെ അതിനടുത്ത് '**fool**' എന്നു തടിച്ച അക്ഷരത്തിൽ വരച്ചു. ഇതൊന്നും ഞാൻ അറിയുന്നില്ലെന്നായിരുന്നു അവളുടെ വിചാരം.

അന്നു രാത്രി ലീല ഒരു കത്തെഴുതുന്നതായി ഞാൻ കണ്ടു. അന്യരുടെ കത്തുകൾ വായിക്കുന്ന ദുസ്സ്വഭാവത്തിന് അന്നു ഞാൻ വിധേയയായിരുന്നു. ഞാൻ ഏറുകണ്ണിട്ട് ആ കത്തിന്റെ ഓരോ അക്ഷരവും കണ്ടുകൊണ്ടിരുന്നു. അതു ഞാൻ ഇപ്പോൾ ഇവിടെ പകർത്താം.

"പ്രിയ സുഹൃത്തു ചന്ദ്രശേഖരന്,

ഇന്നു ക്ലാസ്സിൽവച്ചു താങ്കളുടെ പേരിനടുത്ത് '**fool**' എന്നെഴുതി താങ്കളെ അപമാനിച്ചതിൽ ഞാൻ വളരെ പരിതപിക്കുന്നു. ദയവായി എനിക്കു മാപ്പു തന്നാലും. ഭാവിയിൽ ഞാൻ വിവേകപൂർവ്വം പെരുമാറുന്നതിനുള്ള ശക്തി എനിക്കു തരുവാൻ നിങ്ങൾ ഈശ്വരനോടു പ്രത്യേകം പ്രാർത്ഥിക്കണമേ.

എന്നു

ലീല."

ഇതിനു ചന്ദ്രശേഖരന്റെ മറുപടി അവൾക്കു താമസിയാതെ കിട്ടി. ഇങ്ങനെയൊരെഴുത്തിനാൽ ലീല തന്നെ ബഹുമാനിച്ചതിൽ താൻ വളരെ ചാരിതാർത്ഥനാണെന്നും മററും അയാൾ അതിൽ സൂചിപ്പിച്ചിരുന്നു.

കത്തുകൾ വീണ്ടും പരസ്പരം അയയ്ക്കപ്പെട്ടുകൊണ്ടുതന്നെയിരുന്നു. ചന്ദ്രശേഖരന്റെ ഇംഗിതമറിഞ്ഞ ലീല, ഒരു കാര്യം നിശ്ചയിച്ചുറച്ചു. തന്നെ പ്രണയപരമായി തേജോവധം ചെയ്ത ശങ്കരന്റെ വംശത്തോട്—വഞ്ചകരായ പുരുഷവംശത്തോട്—പ്രതികാരം ചെയ്യണമെന്ന്. ഈ ഉദ്ദേശത്തോടുകൂടി അവൾ ചന്ദ്രശേഖരനോടു കൂടുതൽ കൂടുതൽ മൈത്രി ഭാ

വിച്ചുവന്നു. ഒരുദിവസം അയാൾക്ക് അയച്ച ഒരു കുറിപ്പിൽ ഒരു 'P. S.' ചേർത്തിരിക്കുന്നതായി ഞാൻ കണ്ടു. ഒരു ദീർഘലേഖനം ഉടനെ അയയ്ക്കുമെന്നായിരുന്നു അതിന്റെ സാരം.

അങ്ങനെയിരിക്കെ ഒരുദിവസം ഞാനും ലീലയും കൂടെ 'സാഗറി'ൽ ഒരു സിനിമാ കാണുവാൻ പോയി. "പ്രണയ പുനഃപ്രാപ്തി" 'Love Regained' എന്നതായിരുന്നു കഥ. കഥാനായിക, ലീലയെപ്പോലെ പ്രണയബദ്ധയാകുകയും, ഒരു ചാർച്ചക്കാരൻ മൂലം ആ പ്രണയം സ്തംഭിപ്പിക്കപ്പെടുകയും ഒടുവിൽ കാര്യമെല്ലാം ശുഭമായി പര്യവസാനിക്കയും ചെയ്തു. സിനിമാ കഴിഞ്ഞ ഉടനെ ലീല എന്നോടു പറയുകയാണ്: "സുമേ, എന്റെ കഥയല്ലേ നമ്മളിവിടെ കണ്ടത്. തീർച്ചയായും ലയോളായിൽ പഠിക്കുന്ന ഗോപി ആയിരിക്കണം എന്റെ നിരാശയ്ക്കെല്ലാം കാരണക്കാരൻ. അതേ, ആ ചതിയനാണ് ഈ പ്രാതികൂല്യങ്ങളെല്ലാമുണ്ടാക്കിയത്. തീർച്ചയായും ശങ്കരൻ എന്നെ സ്നേഹിക്കുന്നുണ്ട്. ഞാൻ അദ്ദേഹത്തിന് എന്റെ സ്നേഹം നല്കുകയും ചെയ്യും."

ഞങ്ങൾ കൊട്ടകയിൽനിന്നു പുറത്തു വന്നു. ഒരു കോമളവിഗ്രഹം ലീലയെ പ്രതീക്ഷിച്ച് അവിടെ നില്ക്കുന്നുണ്ടായിരുന്നു. ചന്ദ്രശേഖരനല്ല—ശങ്കരൻ തന്നെ.

"എന്റെ പ്രേമനാഥാ" ലീല താനറിയാതെതന്നെ ഉച്ചരിച്ചുപോയി.

ശങ്കരൻ സ്വന്തം കാറിൽ ഞങ്ങളെ ഹോസ്റ്റലിൽ കൊണ്ടുവന്നാക്കി. അധികം താമസിയാതെ തന്നെ ചന്ദ്രശേഖരന് 'P. S.' അനുസരിച്ചുള്ള ദീർഘലേഖനം—പത്തു പുറം ഉള്ളതും ഇരട്ട സ്റ്റാമ്പു വേണ്ടിവന്നതുമായ ഒരു ലേഖനം—അയയ്ക്കപ്പെട്ടു. തത്ഫലമായി അയാൾ നിരാശയുടെ അടിത്തട്ടിലേക്കു നിപതിച്ചു കാണും.

ഇപ്പോൾ ലീല തന്റെ സഖിത്വം എനിക്കു നഷ്ടപ്പെടുത്തി ശങ്കരനുമായി ദാമ്പത്യജീവിതം നയിക്കുന്നു. അവളുടെ രഹസ്യം ഇതാ പരസ്യമാകുന്നു.

എന്റെ സഖിയെ തട്ടിക്കൊണ്ടുപോയ ശങ്കരനെ ഞാൻ ശപിക്കാത്തത് എന്റെ സത്സ്വഭാവം ഒന്നുകൊണ്ടു മാത്രമല്ലേ !!

## വിരഹവിചാരം

(ബാലകൃഷ്ണൻനായർ, അഞ്ചൂർ)

'ധീരചിത്തത പൂണ്ടുവല്ലോ! നാളെ ഞാ-
നാരണാങ്കണവേദിയിലെത്തണം.'
ഹന്ത! മാമക കണ്ണുപുടങ്ങളി-
ലന്തരാത്മാവു മന്ത്രിച്ചിതേവിധം

ഓമലാളിൻ വരണമനോഹര-
മാലയിന്നാളണിഞ്ഞതേയുള്ളു ഞാൻ!
ത്യാഗസമ്പൂതം ദാമ്പത്യജീവിതം
രാഗരഞ്ജിത വീണതൻ ഗീതകം!
ആയതിങ്കലപശ്രുതി ചേർത്തു ഞാ-
നായുധമേന്തിപ്പോരിനു പോകയോ?

പ്രേമകമ്രൻ മന്ദം നീട്ടിയെൻ മേട തൻ
തൂണു ചാരിയാ നാണം കുണുങ്ങിയാൾ
ശോണപാദാബ്ജം നോക്കിത്തല കുനി-
ച്ചാണു നില്ക്കാറുള്ളതു നിത്യവും!
ഇല്ല ചെന്തളിർ വല്ലി! നിൻ പൂങ്കുല
തല്ലിപ്പാരമുലയ്ക്കുവാനാഗ്രഹം
താവക സാന്ദ്ര സൌരഭം പൂശും ഞാൻ
പാവനക്കുളിർപ്പൂന്തെന്നൽ മാത്രമാം!

ഓമലാളാമവളെ വെടിയണം
പ്രേമശൃംഖലാ ബന്ധിതനായ ഞാൻ.
മാധുര്യം ചിന്തും സ്വപ്നങ്ങളെൻ മനോ-
മാനത്തണ്ഞിയ വാർമഴവില്ലുകൾ!
മാഞ്ഞുപോയി ദുരന്തമിപ്പൂത്താന്ത
മാരിയും മഴക്കാറും നിറകയാൽ!!

പൂങ്കവിളിലരുണിമയും, ചുണ്ടിൽ
വെൺകുളിരൊളിപ്പുഞ്ചിരിച്ചാർത്തുമായ്,
അന്തിച്ചോപ്പും നിലാവും നിറഞ്ഞുള്ള
സന്ധ്യയെപ്പോലെ നിൽക്കയാണോമലാൾ!
മന്മരാഗ ലാളിത്യം കാണിക്കും
നിർമ്മലശരൽപ്പൂഞ്ചോലയാണവൾ!
മോഹനം മമ ജീവിത മീരണ-
വാഹിനിയിങ്കൽ നിപ്പോളയാവണം!
ചെന്നിണച്ചുടുവാരിധി നീന്തുവാ-
നിന്നു ഞാനൊരു ധീവരനാകണം!!

വീത ഭാഗ്യനാമെന്നെ വരിക്കയാൽ
ജീവനായികേ, നീയും ഹതാശയായ്.

മംഗളേ, നിന്നെ വിട്ടു ഞാനാഹവ-
രംഗം പൂകാനാണഷ്ടീശ ശാസനം
പാരതന്ത്ര്യവും സ്വാതന്ത്ര്യവും നിർഭയം
വീരരക്തം കുടിച്ചു മദിച്ചുപോയ് !

ഗച്ചിയന്നെന്നെ കണ്ണുനീർ തൂകിച്ചു
ദ്ദച്ചിയേ, പരം നീയും കൃതാത്ഥനായ്.
മമ്മഭേദക മിന്നീവിയോഗമെൻ
കമ്മമിങ്ങനെ തന്നെയോ ദൈവമേ !

---

## രോഗശയ്യയിൽ

പുരുനിരാശയിലുഴലും ജീവിത-
തടിനിമന്ദമായ് നീങ്ങി,
ഇവനു ലോകവുമഖിലം വിസ്മൃത-
കവനകാണ്ഡംപോൽ തോന്നി.
അഴലിലാഴുന്ന ഹൃദയമെന്നപോ-
ലരികിലശ്രു കാണാം
കരുണകൊണ്ടകമലിയുമാററി-
ലൊരുവളെയിവർ കാൺമൂ.
ഒരു സിതാംശുകമതിനാലംഗങ്ങ-
ളൊരുവിധമൊട്ടു മൂടി,
അറിയരോഗമാം വിപിനവാനര-
വിഹരി തതനു കാണാം.
വദനബിംബമമ്മഹിത കാന്തി തൻ
കതിരു തൂകുന്നന്ദുളം
കദനത്തിങ്കലുമതു താൻ സൗഹൃദ-
ഹൃദമെന്നപ്പോഴും തോന്നി.
നയനമോഹന സുമമതിന്നലെ
ഭുവനവാടിയിൽ കണ്ട
ലളിതശൈശവദശ തൊട്ടെന്നക-
ത്തളിമത്തിൽകണ്ട രൂപം.
കവിളിലശ്രുവിൻ തടിനിയല്ലിതി-
ന്നരിയൊരപ്രേമധാര,
ഹൃദയമൊന്നായിക്കഴിഞ്ഞു ഞങ്ങൾക്കി-
ക്കദനരംഗത്തിൽ പോലും.
ഉരിയാടുന്നതിനുയരുന്നില്ലിവ-
നൊരു വാക്കമെന്തു ചെയ്യും.
ഒട്ടുവിലക്കരത്തളിരു ചുംബിച്ചി-
ട്ടവളോടിത്തരം ചൊല്ലി.
"ഭവതി ഖേദിക്കേണ്ടഖിലേശൻ ദേവ-
സകല താപവും തീക്കും (ൻ
ഹൃദയബന്ധരായിരിക്കും നമ്മൾക്കി-
ഹൃദയം മാത്രം താൻ പോരും."
അവളുമപ്പോഴുതതി കൃതാത്ഥയായ്
നവമാം പുഞ്ചിരി തൂകി
അവയവങ്ങളിലഖിലം ഞങ്ങളെ—
പ്പുളകപാളിയും പൂകി
..................................

ഡി. ദാമോദരൻ ഇളയത്.

---

## കണ്ണുനീർ

ഒരുതുള്ളി കണ്ണുനീർ !—അതെ; ഒരുതുള്ളി കണ്ണുനീരെങ്കിലും—ഏതെങ്കിലും അവസരത്തിൽ പൊഴിക്കാത്തവർ ഉണ്ടോ ? ഇല്ല. തീച്ചയായും ഇല്ല. ഭൂജാതമാകുന്ന ഒരു ശിശുവിന് ആദ്യമായി കുശലം കരുതുന്നതു കണ്ണുനീരാണ്. മരണസമയത്തെ ദുരന്തദുഃഖത്തെ ദൂരീകരിക്കുന്നതും കണ്ണുനീരു തന്നെ. മനുഷ്യർ കണ്ണുനീരോടുകൂടി പിറക്കുന്നു. കണ്ണുനീരോടുകൂടിത്തന്നെ അന്ത്യയാത്രയും പറയുന്നു.

മനുഷ്യജീവിതം കരയുവാൻ മാത്രമാണെന്നാണ്, ചിലരുടെ അഭിപ്രായം. എന്നാൽ ഞാനതിനോടു യോജിക്കുന്നില്ല. കറുപ്പുണ്ടെങ്കിൽ വെളുപ്പും കാണും. ഇരുട്ടുണ്ടെങ്കിൽ പുറകേ വെളിച്ചമാണ്. വേനല്ക്കാലം കഴിഞ്ഞാൽ വഷകാലം. ദുഃഖമുണ്ടെങ്കിൽ സുഖവുമുണ്ട്. കരയുന്നുണ്ടെങ്കിൽ തീച്ചയായും ചിരിക്കണം.

കണ്ണുനീർ ! ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്. കണ്ണുനീരില്ലെങ്കിൽ മനുഷ്യൻ വെറും അചേതനവസ്തുവല്ലേയെന്ന് ! തീവ്രവികാരങ്ങളുടെ ബാഹ്യപ്രകടനം. അതാണ് കണ്ണുനീർ. മൃദുലവികാരങ്ങളുടെ ഇടയിൽ കണ്ണുനീരിനു കായ്യമില്ല.

മനുഷ്യൻ എപ്പോഴെങ്കിലും തീവ്രവികാരങ്ങൾക്ക് അടിമപ്പെടാതെയുണ്ടോ? ചിലർ സംശയിച്ചേക്കാം—? സവ്വസംഗപരിത്യാഗികളായ ചില സന്യാസിമാർഉണ്ടെന്ന്. ഞാൻ അവരെക്കണ്ടിട്ടില്ല. ക്ഷമിക്കണേ ! അങ്ങനെയുള്ളവർ ഉണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. അഥവാ ഉണ്ടെങ്കിൽ അവരും വികാരാധീനന്മാരല്ല. അവരുടെ ഏകചിന്ത—വികാരം—ഭക്തിയാണെങ്കിൽ അതിനും ചില അവസ്ഥാഭേദങ്ങൾ ഉണ്ട്. ഭക്തിയുടെ പരമാവസ്ഥയിൽ അവരും കരഞ്ഞുപോകും.

സഹിക്കാൻ പാടില്ലാത്ത സങ്കടം വരുമ്പോൾ നാം കണ്ണുനീർ പൊഴിക്കും! അടക്കുവാൻ വഹിയാത്ത സന്തോഷം വരുമ്പോഴും കണ്ണുനീർ പ്രവഹിക്കും! പശ്ചാത്താപംകൊണ്ടു ഹൃദയം വെന്തുനീറുമ്പോൾ, അതിനെ കെടുത്തുന്നതു കണ്ണുനീരാണ്! എന്തിനു? ഏതെങ്കിലും തരത്തിൽ സീമാതീതമായ വികാരമുണ്ടാകുമ്പോൾ കണ്ണുനീർ പുറകേയുണ്ട്.

ഇതൊന്നും കൂടാതെ—യാതൊരു വികാരവും കൂടാതെ—ചിലർ കണ്ണീർ പൊഴിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. കള്ളക്കരച്ചിൽ. "നക്രബാഷ്പം" അതാണ് അതിന്റെ പേർ. അവർ കരയുന്നതെന്തിനാണ്? മററുള്ളവരെ കാണിക്കാൻ മാത്രം. ചിലർക്ക് അങ്ങനെ കരയാൻ എന്തു സാമർത്ഥ്യമാണെന്നോ! എത്ര ദിവസം വേണമെങ്കിലും അവർ അതേ ഇരിപ്പിരുന്നു കരയും. അക്കൂട്ടരെ തിരിച്ചറിവാൻ ബഹു പ്രയാസമാണ്. നമുക്ക് എന്തെങ്കിലും സങ്കടമോ ആപത്തോ വരട്ടെ. അപ്പോൾ കാണാം—? ഇരുകരയും കുത്തിയൊലിച്ച്, കലങ്ങി മറിഞ്ഞ്, ഇരച്ചു പാഞ്ഞുവരുന്ന വർഷകാലത്തിലെ പെരിയാർ പോലെ, ചില കൂട്ടർ കണ്ണുനീരും ഒഴുക്കിക്കൊണ്ട് അടുത്തു കൂടുന്നത്! ആ കണ്ണുനീരിന്റെ ഉദ്ദേശം? നമ്മിൽനിന്നും എന്തെങ്കിലും കാര്യം കാണുവാൻ. അയ്യോ! അവരെ ഉറക്കത്തിൽപോലും വിശ്വസിച്ചാൽ—!

ചിലർക്കു കരയുവാൻ വളരെ സന്തോഷമാണ്. മനുഷ്യരെ കാണുന്നതുപോലും വിരസമാണ്. ഒരു ഒഴിഞ്ഞ മൂലയിൽ ഇരുന്നു കണ്ണുനീർ പൊഴിക്കുന്നതാണ് അവർക്കധികം ഇഷ്ടം. അവരുടെ കരച്ചിലിനു പ്രത്യേക കാരണമൊന്നും വേണമെന്നില്ല. അവരിൽ അധികംപേരും ഇപ്പോഴത്തെ യുവകവികളാണ്. പ്രേമം! അങ്ങനെയൊരു ഇഷ്ടദേവതയെ അവർ സങ്കല്പക്കോട്ടയിൽവച്ചു പൂജിക്കുന്നുണ്ടുപോലും! ആ ആകാശകുസുമത്തിന്റെ അനുപമസൌന്ദര്യത്തെ അവർ അനുദിനം ആസ്വദിക്കുന്നുണ്ടുപോലും! അവരുടെ ഏതു കവിതയിലും കാണാം—? പ്രേമം! അതേ, പ്രേമത്തിന്റെ നിഴലെങ്കിലും തട്ടാത്ത ഒരു കവിതപോലുമില്ല. അതിന്റെ അലങ്കാരം? കണ്ണുനീർ! കഷ്ടമേ! ഈ ചെറുപ്പക്കാർ, പ്രേമഭ്രാന്തു പിടിച്ച്, എന്തിനു കരഞ്ഞു കരഞ്ഞു തുലയാൻ പോകുന്നു?

ഹാ! ഞാൻ ഇപ്പോൾ ഓർക്കുന്നു. പ്രേമംകൊണ്ടു മത്തുപിടിച്ച ഒരു യുവകവി കരച്ചിൽ നിറുത്താൻ ഒരു എളുപ്പവഴി കണ്ടുപിടിച്ചിരിക്കുന്നത്.

"കരയുവാനിടയാകരുതെങ്കിലോ,
വിരിയരുതൊരു പൂമൊട്ടും പുഷ്പമായ്"

ഇതാണ്. ആ കവിയുടെ പ്രാർത്ഥന; ഇതാണ് ആഗ്രഹം! പൂമൊട്ടു പുഷ്പമായിട്ടു വിരിയുന്ന കണ്ടാൽ കവിക്കു സങ്കടമാണ്. കണ്ണുനീരിന്റെ ബഹളമാണ് ഒരുപക്ഷേ ആ പൂമൊട്ടു കായായിട്ടു മാറിയിരുന്നെങ്കിൽ കവിക്കു സങ്കടം കാണുമോ? ഇല്ലായിരിക്കാം. പൂവു കാണുന്നതിത്ര വലിയ സങ്കടമാണെങ്കിൽ അതു കാണാതെ കഴിക്കരുതേ. അതു സാധിക്കയില്ല. പൂവ് എവിടെയുണ്ടോ? അവിടെ പോയി നോക്കണം. സൂക്ഷിച്ചുനോക്കണം. പിന്നെയും നോക്കണം. കണ്ണു കലങ്ങുന്ന വരെ നോക്കണം. ഇത്രയും കഴിഞ്ഞാൽ അതു കിട്ടാനുള്ള ആഗ്രഹമായി. കിട്ടിയില്ലെങ്കിലോ? കരച്ചിൽ. പകൽ മുഴുവൻ കരയും. രാത്രിയും കരയും. കണ്ണീർ വററുന്ന വരെ കരയാൻ അവർക്കു മടിയില്ല.

ആരും തെററിധരിക്കരുത്. ഈ പൂമൊട്ടും പൂവും എന്നെല്ലാം പറഞ്ഞിരിക്കുന്നതിന്റെ ഉദ്ദേശം? പെൺകുട്ടികൾ താരുണ്യത്തിലേക്കു കടന്നാൽ കവിക്കു സങ്കടമാണ്. ഒരുപക്ഷേ അവർ താരുണ്യം പ്രാപിക്കാതെ വൃദ്ധകളായി തീരുമെങ്കിൽ കവിക്കു സങ്കടമില്ല. കരച്ചിലിനുള്ള കാരണമെല്ലാം യൌവനയുക്തകളായ സ്ത്രീജനങ്ങളാണെന്നാണ് കവിയുടെ അഭിപ്രായം. ഏറിയകൂറും സമ്മതിച്ചുകൊടുക്കാം. എങ്കിലും പെൺകുട്ടികൾ യൌവ്വനം പ്രാപിക്കാതെ വാർദ്ധക്യം ഭവിക്കട്ടെ എന്നു പറയുന്നതു കേട്ടുകൊണ്ടിരിക്കുവാൻ അധികംപേരും തയാറുണ്ടെന്നു തോന്നുന്നില്ല.

കണ്ണുനീരിനും ചില അവസ്ഥാഭേദങ്ങൾ ഉണ്ട്. കുഞ്ഞുങ്ങൾ കരയുന്നതു കൊച്ചുകാര്യങ്ങൾക്കാണ്. പ്രായംചെന്നവർ കരയുന്നതോ? വലിയ കാര്യങ്ങൾക്ക്. പാവപ്പെട്ടവരുടെ കണ്ണുനീർ! വർഷകാലത്തിലെ ജലബിന്ദുക്കൾപോലെയാണ്. യാതൊരു വിലയും ഇല്ല. അവർ ഹൃദയം പൊട്ടി കരയട്ടെ. ആരും അതിനെപ്പററി ആരായുകയില്ല. എന്നാൽ ചില 'അങ്ങത്ത'മാർ, പണക്കാർ ഉണ്ടല്ലോ! അവരൊന്നു കരയട്ടെ. നൂറുപേർ കൂടെ കരയാനുണ്ട്. വെറുതെയെങ്കിലും!

കണ്ണുനീർകൊണ്ടു ലോകത്തിൽ പലതും

സാധിക്കാം. എന്തെല്ലാമെന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. എന്തുതന്നെ സാധിക്കുകയില്ല! നിങ്ങൾക്കു പരീക്ഷയിൽ തോല്ക്കുമെന്നു പേടിയുണ്ടോ? നിങ്ങൾ പരിക്ഷ്യന്റെ അടുക്കൽ പോയി ഒന്നു കരയുക. അദ്ദേഹത്തിനു ഹൃദയമെന്നൊന്നുണ്ടെങ്കിൽ നിങ്ങൾ തിച്ചയായും ജയിക്കും! നിങ്ങൾക്ക് എന്തെങ്കിലും ഉദ്യോഗം കിട്ടണമെന്നുണ്ടോ? നിങ്ങൾ അധികാരികളെ ചെന്നുകണ്ട് ഒന്നു കരയുക. പക്ഷേ, ഒരു കാര്യം. സമയാസമയങ്ങൾ നോക്കിയേ കരയാവൂ.

ചിലരുടെ കണ്ണുനീരിനു പ്രത്യേക ശക്തിയുണ്ട്. പെണ്ണുങ്ങളുടെ. അവർ കണ്ണുനീർ പൊഴിച്ചാൽ! ആണുങ്ങൾ കുടുങ്ങിയതുതന്നെ. കരയുവാൻ ഇത്രയും സാമത്ഥ്യം വേറെ ആക്കുമില്ല. അവർ വിചാരിച്ചാൽ മതി. കണ്ണുനീർ കുടുകുടെ ചാടാൻ. അച്ഛനോ, ഭത്താവോ, അഥവാ വേറെ, ആരെങ്കിലുമോ, എന്തെങ്കിലും പറയട്ടെ. അപ്പോൾ കാണാം—? പേമാരിപോലെ, ഇടിയും മിന്നലും പോലെ, ചില കരച്ചിലും, പിഴിച്ചിലും, ഏങ്ങലും വിങ്ങലും മററും. അയ്യോ! അതെത്ര പെട്ടെന്നായിരിക്കുമെന്നോ!

അതേ, പെണ്ണുങ്ങൾക്ക്, ആണുങ്ങളെ ജയിക്കാനുള്ള—മിരട്ടാനുള്ള—ഒരു ആയുധമാണ് കണ്ണുനീർ. ആണുങ്ങളുടെ ഏതു കടുത്തകോപവും അതിൽ തണുത്തുപോകും. ഞാൻ സംശയിക്കുന്നു. ഇന്നത്തെ ഹിററ്ലരെപ്പോലും ഒരു പെണ്ണിന്റെ കണ്ണുനീരിനു ജയിക്കുവാൻ സാധിക്കുകയില്ലേയെന്ന്! അതേ, എനിക്കു ചില വലിയ ഉദ്യോഗസ്ഥന്മാരെ പരിചയമുണ്ട്. അവക്ക്, കാണുന്നതു മുഴുവൻ കുററം. മററുള്ളവർ എന്തു പറഞ്ഞാലും കുററം. മിനിട്ടിൽ നൂറു തവണ കീഴ്സിൽ ബന്തികളെ കുററപ്പെടുത്തും. എന്നാൽ ഈ ദേഷ്യവുംകൊണ്ടു വീട്ടിൽ ചെന്നാൽ—? വാതുക്കൽനിന്നും രണ്ടു കണ്ണു, കണ്ണുനീർ പൊഴിക്കുന്നതു കാണുമ്പോൾ—ആ ദേഷ്യമെല്ലാം, അതിലങ്ങു ലയിച്ചുപോകും! മനുഷ്യന്റെ വികാരങ്ങളെ ലയിപ്പിക്കാൻ ത്രാണിയുള്ള ഒരു "ആസിഡും" കണ്ണുനീർപോലില്ല! പ്രത്യേകിച്ചു പെണ്ണുങ്ങളുടെ കണ്ണുനീർ! അമ്പോ! പെണ്ണിന്റെ കണ്ണ്!! ലോകത്തിൽ ഏററവും ഭയപ്പെടേണ്ടതായിട്ടൊന്നുണ്ടെങ്കിൽ അതു മാത്രമാണ്! അതിൽനിന്നും ഒരുതുള്ളി കണ്ണുനീർ വീണാൽ—!?

'കേഴുക കേഴുക കേഴമാൻ കണ്ണാളെ,
കേഴുവോർക്കാശ്വാസമേകും ദൈവം.'

വാസ്തവം! കത്തിയെരിയുന്ന സന്താപചെന്തീയുടെ നടുവിൽ കണ്ണീർ പൊഴിക്കുന്നതു കുറച്ച് ആശ്വാസമാണു. ഹൃദയം തിങ്ങിവിങ്ങി വരുന്ന വികാരപാരവശ്യത്തെ കരഞ്ഞുകരഞ്ഞു വേണം ശമിപ്പിക്കുവാൻ. ഏതു മഹാകുററമാകുന്ന കളങ്കത്തേയും പശ്ചാത്താപം കൊണ്ടുള്ള കണ്ണുനീർ കഴുകി ശുദ്ധിപ്പെടുത്തും. കളങ്കപങ്കിലയായ മഗ്ദലനമറിയത്തെ നിഷ്കളങ്കയാക്കിയതു് അവളുടെ കണ്ണീർകണങ്ങളല്ലേ!

കണ്ണുനീർ! അതിന് അനേകം നമസ്കാരം, സഹോദരിമാരേ, സഹോദരന്മാരേ, നിങ്ങളുടെ ഈ കൊച്ചുസഹോദരൻ പല കുററവും ചെയ്തുകാണും എങ്കിലും എന്റെ ഒരു അപേക്ഷ, അല്പ പ്രാത്ഥന—നിങ്ങൾ സഹോദരബുദ്ധ്യാ ക്ഷമിക്കണമെന്ന്. ഇതാ, ഒരുതുള്ളി കണ്ണുനീർ!! നാനാവികാരങ്ങളാൽ കലങ്ങിമറിഞ്ഞ ഒരുതുള്ളി കണ്ണുനീർ!! എന്റെ കണ്ണിൽ നിറഞ്ഞുകഴിഞ്ഞു. ആ ഒരുതുള്ളി കണ്ണുനീരോടു കൂടി നിങ്ങളുടെ ഈ എളിയ സഹോദരൻ തല്ക്കാലം യാത്രപറഞ്ഞുകൊള്ളട്ടെ! ഇതാ കൂപ്പുകൈ!

കെ. ആർ.

---

ചെറുകഥ

## വെച്ചുമാററം

(പുളിമൂട്ടിൽ സഖറിയാസ്)

"മ്മേ....മ്മേ....മ്മേ....ങേ ങേ....ങ്ങേ....ങേ ങേ ........" തൊട്ടിയിൽ കിടന്ന കുഞ്ഞു നീറുകടിച്ചതുപോലെ "വല്യവായിലേ" നിലവിളിക്കൂട്ടി. ചക്കിയുടെ പുത്രവാത്സല്യം നിറഞ്ഞ മാതൃഹൃദയം വല്ലാതെ വേദനിച്ചു. അവൾ അടുക്കളയിൽനിന്നും തിണ്ണയിലേക്ക് ഓടി.

"എന്റെ കുഞ്ഞു വാവോ, ചങ്കരൻകുഞ്ഞു വാവോ........കുഞ്ഞിന്റപ്പച്ചനിങ്ങു വന്നിട്ടു

മ്പോളൊരു കൊഴുക്കട്ട പുഴുങ്ങി മുഴുവനേ തന്നീടാമേ.........വാവോ”, ചക്കി അവളുടെ കുഞ്ഞിനെ പാടിത്താലോലിച്ചു. അവൾ ആ പൊന്നാരപ്പൈതലിനെ പുന്നാരിച്ചു പുന്നാരിച്ചു സാന്ത്വനപ്പെടുത്തി. അപ്പോൾ “ചങ്കരന്റെ അച്ഛൻ” ദൂരെനിന്നു വിയർത്തൊലിച്ചു വരുന്നതു് അവൾ കണ്ടു. വന്നപാടേ കൊച്ചുചങ്കു തിണ്ണയിലേക്കു കയറി, “കഞ്ഞികൊണ്ടാ, മോന്തിക്കൊണ്ടു് ഇപ്പം തന്നെ പോണം; തമ്പ്രാൻ തിരുതി വയ്ക്കിണ്” എന്നു പറഞ്ഞു.

“ഇത്തിരിനേരം ഒന്നു നിയ്ക്കണേ; ദേ, ഇപ്പം കറി അടുപ്പേന്നു വാങ്ങേണ്ട താമസമൊള്ളു.”

കൊച്ചുചങ്കു ദേഷ്യംകൊണ്ടു വിറച്ചു. അവന്റെ തമ്പ്രാൻ പൊലി അളക്കാൻ ‘തിരുതി’ കൂട്ടുന്നു. അന്നേരം അവൾ കാലത്തേ നേരത്തേ പെരുമാററി വയ്ക്കാതിരുന്നതു് അക്ഷന്തവ്യമായ കുററമായിട്ടാണു് അവനു തോന്നിയതു്. കൊച്ചുചങ്കുവിന്റെ കണ്ണു ചെമന്നു; മുഖം ഇരുണ്ടു. “എടി, ചടേ!” എന്ന അഭിസംബോധനയോടേ അവൻ ചക്കിയുടെ നേരേ ഓടിയടുത്തു. അവളുടെ കൈയിലിരിക്കുന്ന ചോരക്കുടം—അതേ, അവന്റെ രക്തത്തിന്റെ രക്തവും അവന്റെ മാംസത്തിന്റെ മാംസവുമായ ആ പിഞ്ചുകുഞ്ഞു്—അവന്റെ ദൃഷ്ടിയിൽപ്പെട്ടില്ല. അതൊന്നും അവനത്ര ഗൗനിച്ചതുമില്ല. പൊത്തോ പൊത്തോ എന്നു് ആ കോപാക്രാന്തൻ രണ്ടുകൈയുംകൂട്ടി ഭാര്യയുടെ പുറത്തു് അഞ്ചാറിടികൊടുത്തു.

“നരനൊരുകരമാത്മരക്ഷ നേടാൻ;
പരകരമാത്മവധൂടിയെപ്പുലർത്താൻ”

എന്ന തത്ത്വവാക്യം മഹാകവി പാടിയതു കൊച്ചുചങ്കു കേട്ടിട്ടില്ലായിരുന്നിരിക്കാം. അല്ലെങ്കിൽ, കോപംകൊണ്ടു ഭ്രാന്തുപിടിച്ച ആ മുഹൂർത്തത്തിൽ ഓർത്തില്ലെന്നും വരാം. “എടീ, ഒററ മലച്ചി, നീ തന്നെ തിന്നുകുടിച്ചു ചിവിച്ചോ, എനിക്കൊന്നും വേണ്ടാ” എന്ന അന്ത്യശാസനയോടേ മുററത്തിറങ്ങിപ്പോകാൻ ഭാവിച്ച ഭർത്താവിനെ നോക്കി, നിറഞ്ഞുവിതുമ്പിയ കണ്ണുകളോടേ ചക്കി പറഞ്ഞു: “ഒന്നു നിയ്ക്കണേ, ഒരു വിനാഴികയ്ക്കകം വിട്ടേയ്ക്കാം.”

“മതിയെടി നിന്റെ വിടില്യ”—വഴിയിലേക്കിറങ്ങിക്കൊണ്ടു കൊച്ചുചങ്കു വിളിച്ചുപറഞ്ഞു—“മതി മതി, നിനക്കു വല്യ ജോലിയാ. ഇത്തിരി താവലരി ഇട്ടു വയ്ക്കിണ ജോലി! അന്നേരപ്പം അതിനുള്ള വകകൂടെ അന്നേഴിക്കേണ്ടി വന്നെങ്കി എന്തൊരു ജോലി ആയിരുന്നേനേ!!”

ഭർത്താവു വിശപ്പടക്കാതെ വീണ്ടും ജോലിക്കു പോകുന്നതു നോക്കിനിന്നുകൊണ്ടു് ആ പതിഭക്ത തേങ്ങിത്തേങ്ങിക്കരഞ്ഞു. ഇടികൊണ്ടതിലല്ല അവൾക്കു സങ്കടം; ഭർത്താവു കഞ്ഞികുടിക്കാതെ പോയതിലാണു്. ഏതായാലും വേഗം കറിവച്ചു വാങ്ങി, കഞ്ഞി രണ്ടു ചട്ടികളിൽ പകർന്നു് ആററിവച്ചിട്ടു്, അയലത്തേ കുട്ടപ്പനെ അവൾ പാടത്തേക്കു പറഞ്ഞയച്ചു. “എടാ, കുട്ടപ്പാ, നീ ചെന്നു പറ, ഇത്രടം ഒന്നു പെട്ടെന്നു വന്നേച്ചു പോകാൻ. ചങ്കരൻകുഞ്ഞിനേ ഓർത്തെങ്കിലും വരാതിരിക്കല്ലേ എന്നു പറ.”

കുട്ടപ്പൻ തിരിച്ചുവരുന്നതുവരെ അവൾ പടിക്കൽ കാത്തുനിന്നു. “ചിററമ്മേ, ചങ്കപ്പാപ്പൻ പറഞ്ഞു, ഇപ്പം വരാൻ മനസ്സില്ലെന്നു പറയാൻ” എന്നായിരുന്നു അവൻ കൊണ്ടുവന്ന സന്ദേശം. ചക്കി ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ടു വീടിനുള്ളിലേക്കു കയറിപ്പോയി.

* * * * *

“ക്രൂഴ ഹ്രുഴ ഹ്രുഴ”—പരുന്തു കോഴിക്കുഞ്ഞുങ്ങളെ റാഞ്ചുന്ന ശബ്ദംകേട്ടു് അമ്പരന്നു്, നെല്ലു കുത്തിക്കൊണ്ടു നിന്നിരുന്ന കൊച്ചുചങ്കു മുററത്തേക്കു ചാടി. താൻ കയറിൽ കെട്ടിയിട്ടിരുന്ന കോഴിക്കുഞ്ഞുങ്ങൾ, പരുന്തിൻകാലിൽ മാലപോലെ തൂങ്ങിക്കിടക്കുന്നതു കണ്ടു് അവൻ പുറകേ ഓടി. രണ്ടുമൂന്നു പറമ്പിട കഴിഞ്ഞപ്പോൾ ഇനി ഫലമില്ലെന്നു കണ്ടു് ഓട്ടം നിറുത്തി, ഇളിഭ്യനായി കൈ കടിച്ചപ്പോഴാണു് കൈയിൽ കെട്ടിയിരുന്ന ചരടു് അവനെ വല്ലാതെ അന്ധാളിപ്പിച്ചതു്. “അയ്യോ, കുഞ്ഞിന്റെ തൊട്ടിയിൽ കൂട്ടിക്കെട്ടിയിരുന്നതല്ലേ ഇതു്; ശങ്കരൻകുഞ്ഞു മറിഞ്ഞു താഴെ വീണു കാണും” എന്നു മന്ത്രിച്ചുകൊണ്ടു് അയാൾ വീട്ടിലേക്കു് അതിവേഗത്തിൽ പാഞ്ഞു.

ഇവിടെ ഒരു വെച്ചുമാററം നടന്നതു വായനക്കാർ ഒരുപക്ഷേ അറിഞ്ഞുകാണുകയില്ല. കഞ്ഞി കുടിക്കാതെ പിണങ്ങിപ്പോയ കൊച്ചുചങ്കു വൈകുന്നേരം മടങ്ങിവന്നിട്ടും പാവപ്പെട്ട ചക്കിയോടു ശുണ്ഠികടിക്കുകയാണു ചെയ്യു

ത്. തന്റെ കുററം കൊണ്ടല്ല ഭക്ഷണം സമയത്തിനു പാകപ്പെടാതെ വന്നതെന്നും വീട്ടുജോലി വളരെയധികമുണ്ടെന്നുമെല്ലാം ചക്കി താണുവീണു പറഞ്ഞിട്ടും അയാൾ സമ്മതിച്ചില്ല. കോപിഷ്ഠനായി കൊച്ചുചങ്കു പറഞ്ഞു: "അമ്പമ്പോ! നിന്റെ ജോലിക്കൂടുതൽ!! എന്നാൽ, ഞാനാ നാളെ വീട്ടി നിയ്ക്കുണതു്; നീ പോണം പാടത്ത്; എനിക്കു പോരും തമ്പ്രാൻ പറേണ ജോലി ശെയ്യ്."

"എൻെറപ്പച്ചാ, എന്നാ ക്രുത്താ ഇപ്പറേണെ! പെണ്ണുങ്ങടെ ജോലി പെണ്ണുങ്ങ് തന്നെ ശെയ്യണം; ആണുങ്ങടെ ജോലി ആണുങ്ങളു നോക്കണം. ഈ പിത്തലാട്ടമൊക്കെ കേക്കുമ്പം എനിക്കു ശിരി മുട്ടിണ്."

"എടി, ആണുങ്ങടെ കാര്യം അവരു ശെയ്യുണെങ്കി നീ ചോറ്വേനേരേ സമയത്തിനു വല്ലോം പരുവാലിച്ചു തരത്തില്ലേ?"

വാദപ്രതിവാദം ഇങ്ങനെ കുറേനേരം ദീർഘിച്ചു. ജോലി പരസ്പരം വെച്ചുമാറണമെന്നുള്ള പ്രമേയത്തിന്റെ താങ്ങലിനും നീങ്ങലിനും വാദപ്രതിവാദം നടത്തിയവർ സംഖ്യാബലത്തിൽ തുല്യത വഹിച്ചെങ്കിലും കൊച്ചുചങ്കുവിന്റെ അദ്ധ്യക്ഷപദത്തിനുള്ള പ്രത്യേകാവകാശംകൂടെ പരിഗണിച്ച് ആ പ്രമേയം പാസ്സാക്കപ്പെടുകയാണുണ്ടായത്. പിറേറന്നു കാലത്തേ ചക്കിയെ പട്ടിയും പുട്ടലും കൊടുത്തു പാടത്തേയ്ക്കയച്ചിട്ടു കൊച്ചുചങ്കു വീട്ടുജോലിയിൽ വ്യാപൃതനായി.

ആ ചെറിയ കുടുംബസാമ്രാജ്യത്തിന്റെ ഭരണം ഒരു ക്ലിപ്തപരിപാടിയിൽക്കൂടെ നിർവ്വഹിക്കുവാനാണ് അയാൾ ഉദ്ദേശിച്ചത്. ആദ്യമായിത്തന്നെ, ചെയ്യേണ്ട കൃത്യങ്ങളുടെ ഒരു പട്ടിക കുത്തിക്കുറിച്ചു വച്ചു: കുഞ്ഞിനെ തൊട്ടിയാട്ടി ഉറക്കുക, കറിക്ക് അരയ്ക്കുക, വൈകുന്നേരത്തേക്ക് ആവശ്യകമായ നെല്ലുകുത്തുക, കഞ്ഞിക്കു തീ എരിക്കുക, കോഴിക്കുഞ്ഞുങ്ങളെ പരുന്തിനിരയാക്കാതെ സൂക്ഷിക്കുക എന്നുവരെ ആയപ്പോൾ എല്ലാം തീർന്നു. കോഴിക്കുഞ്ഞുങ്ങളെ സൂക്ഷിക്കുവാൻ ഏററവും പററിയ മാർഗ്ഗം അവയെ ഒരു കയറിൽ കെട്ടിയിടുകയാണെന്നു കരുതി അങ്ങനെ ചെയ്തിട്ട് അവയ്ക്കു തിന്നാനായി കുറെ അരിയും വിതറിക്കൊടുത്തു. പിന്നീടു കറിക്ക് അരച്ചുവച്ചു. ബാക്കിയെല്ലാംകൂടെ ഒരേസമയം ചെയ്യുവാനുള്ള ഒരു സൂത്രം ആ "ബുദ്ധിമാൻ" കണ്ടുപിടിച്ചു. കൊല്ലന്റെ ഉലപോലെ, രണ്ടു പാളു കൂട്ടിത്തെച്ച് ഒരു ഊത്തുപെട്ടി നിർമ്മിച്ച് അതിന്റെ കണയുടെ സമീപം നെല്ലുകുത്തുവാൻ ഉരലിട്ടു. നെല്ലുകുത്തുമ്പോൾ താളത്തിനൊപ്പിച്ച് ഉലയുടെ കണയിൽ ചവിട്ടിയാൽ തി ആളിക്കത്തി അരി വേകും. പിന്നീടു തൊട്ടിയിൽ കെട്ടിയിരുന്ന ചരടിന്റെ അററം അയാൾ തന്റെ വലതുകൈയിൽ കെട്ടി. നെല്ലുകുത്തുമ്പോൾ കൈയാടുന്നതോടുകൂടിത്തന്നെ തൊട്ടിയും ആടുകയും കുഞ്ഞ് ഉറങ്ങുകയും ചെയ്യും. കൊച്ചുചങ്കു തന്റെ സാമർത്ഥ്യത്തിൽ ചരിതാർത്ഥനായി ജോലി തുടങ്ങിയപ്പോഴേക്കും ഏകദേശം പതിനൊന്നുമണി കഴിഞ്ഞിരുന്നു. ഒരു മണിക്കൂറുണ്ട്, ചക്കി വന്നുചേരാൻ; അതിനകം സകലതും ചെയ്തുതീരും, തീർച്ചതന്നെ. കൊച്ചുചങ്കുവിന്റെ ദേഹമാകെ സന്തോഷത്താൽ കോരിത്തരിച്ചുപോയി.

ഇങ്ങനെ എല്ലാം യാന്ത്രികമായി മുറയ്ക്കു നടക്കുന്നതു കണ്ട് അയാൾ ആഹ്ളാദഭരിതനായിത്തീർന്നിരിക്കയിലാണ്, മുററത്തു പരുന്തുവന്നു കോഴിക്കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടു പോയത്.

പരുന്തിനെ വിട്ടിട്ട് അയാൾ ഓടിവന്നതു് ആദ്യം കുഞ്ഞിന്റെ അടുത്തായിരുന്നു. പെട്ടെന്നുണ്ടായ ക്ഷോഭത്താൽ ഞെട്ടിയുണർന്ന് അട്ടഹസിച്ചു കരഞ്ഞുകൊണ്ടിരുന്ന ശങ്കരൻകുഞ്ഞിനെ എടുത്തുകഴിഞ്ഞപ്പോൾ കേൾക്കാം കിണററിൽ "പിടപിട" എന്നൊരു ശബ്ദം. ഓടിച്ചെന്നു നോക്കിയപ്പോൾ കാണാം, പരുന്തു വന്നപ്പോൾ പേടിച്ചു പറന്ന തള്ളക്കോഴി അവിടെക്കിടന്നു കുടിച്ചുചാകാൻ പോകുന്നതു്. അതിനെ രക്ഷിക്കാൻ ഒരു കയറും കൊട്ടയും എടുക്കാനായി അയാൾ അടുക്കളയിലേക്കു ചെന്നു. കഷ്ടമേ! ഉലയുടെ കണയിൽ, പുറത്തോട്ടു ചാടിയപ്പോൾ ഊക്കോടേ ചവിട്ടിപ്പോയതിനാൽ അടുപ്പിന്മേലിരുന്ന കലം മറിഞ്ഞു കഞ്ഞി മുഴുവൻ തൂകിക്കിടക്കുന്നു. കാലുമുട്ടി മറിഞ്ഞ ഉരലിൽനിന്നും പകുതിയോളം നെല്ലു മുററത്തേക്കു വീണു ചിതറിക്കിടക്കുന്നു. കറിക്കു വച്ചിരുന്ന മീൻ തിന്നിട്ടു കണ്ടൻപൂച്ച "ങ്യാവോ, ങ്യാവോ" എന്നു പറഞ്ഞുകൊണ്ടു മുഖം തുടയ്ക്കുന്നു.

അണ്ടികളഞ്ഞ അണ്ണാനെപ്പോലെ കൊച്ചുചങ്കു മുകളിലേക്കു നോക്കി "ശിങ്കിരി പാടി" നിന്നുപോയി. ഈശ്വരാ! ചക്കി വരുമ്പോൾ എന്തു പറയും!! ചക്കിയെ ഇന്നലെ

ശകാരിച്ചതിന്റെയെല്ലാം പകരംവീട്ടൽ ഇന്നു നടക്കുകയില്ലേ!! അവളെ ഇന്നലെ ഇടിച്ച കൈകൾ രണ്ടും "കിലുകിലാ" വിറകൊണ്ടു. എല്ലാം ഓർത്തു ചങ്കുവിന്റെ ഹൃദയത്തിൽ ഒരു അടിപിടിബഹളം നടന്നു.

"ഇവിടെ ആരുമില്ലേ? കുഞ്ഞെവിടെ?" എന്നൊരു ശബ്ദം കേട്ടു കൊച്ചുചങ്കു തിരിഞ്ഞുനോക്കി. ഹാ! ചക്കിയുടെ ദൃഷ്ടിയിൽ നിന്നും ഓടിയൊളിക്കാൻ അയാൾ ആഗ്രഹിച്ചു; തന്നെ അവൾ കണ്ടുപോയല്ലോ എന്നോർത്തു തല താഴ്ത്തി നില്ക്കുകയല്ലാതെ അയാൾക്കു ഗത്യന്തരമില്ലാതായി. നിശ്ശബ്ദനായി അന്ധാളിച്ചു നില്ക്കുന്ന ഭർത്താവിനെ കണ്ടപ്പോൾ എന്തെങ്കിലും "അനാമത്തു" പിണഞ്ഞിട്ടുണ്ടെന്നു ചക്കി തിട്ടപ്പെടുത്തി. മറിഞ്ഞു കിടക്കുന്ന കഞ്ഞിക്കലവും തൂകിക്കിടക്കുന്ന നെല്ലരലും അവൾ മാറിമാറി നോക്കി. കൊച്ചുചങ്കുവിന്റെ നിറഞ്ഞ കണ്ണുകൾ അവളെ നോക്കി ഒരായിരം ക്ഷമാപണം ചെയ്യുന്നുണ്ടായിരുന്നു.

"ഓഹോ, ഒക്കെ മനസ്സിലായി"—ഒട്ടും ക്ഷുഭിതയാകാതെ ചക്കി പറഞ്ഞു—"ഇന്നെങ്കിലും ഒരു പാഠം പഠിച്ചല്ലോ; ഇനിയെങ്കിലും ഈ പോഴത്തത്തിന് ഒരുങ്ങാതിരുന്നാൽ മതി. പെണ്ണുങ്ങളുടെ കാര്യം പെണ്ണുങ്ങൾ തന്നെ ചെയ്യേണ്ടതു്."

തന്റെ പ്രതീക്ഷയ്ക്കു വിരുദ്ധമായി ഒട്ടും ക്ഷോഭിക്കാതിരുന്ന സഹധർമ്മിണിയെപ്പറ്റി കൊച്ചുചങ്കുവിനു വലിയ ബഹുമാനം തോന്നി. അയാളുടെ ഹൃദയാന്തരീക്ഷം തെളിഞ്ഞു. ചക്കിയുടെ നെറ്റിത്തടത്തിൽ അയാൾ ഒരു ചുംബനം സമ്മാനിച്ചു. അവൾ അതേവിധം പകരം വീട്ടി. പെൺസ്വാതന്ത്ര്യമെന്നും മറ്റും പറഞ്ഞു ചില പരിഷ്കാരിണികളെപ്പോലെ തന്നെ അലട്ടാതെ കൃത്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധയായിരുന്ന ആ അടുക്കളറാണിയോട് ഇനിയൊരിക്കലും ഇങ്ങനെ വഴക്കടിക്കയില്ലെന്നുള്ള ദൃഢപ്രതിജ്ഞ കൊച്ചുചങ്കു അന്നു ചെയ്തതാണ്. ആ പ്രതിജ്ഞയിൽനിന്നും അയാൾ ഇന്നുവരെ അണുവിട വ്യതിചലിച്ചിട്ടില്ല. തന്നിമിത്തം ആ ചെറുകുടുംബത്തിലെ ആനന്ദസാന്ദ്രമായ ദാമ്പത്യനഭസ്സിനെ യാതൊരു കോളിളക്കവും അതിൽപ്പിന്നെ പ്രക്ഷുബ്ധമാക്കിയിട്ടുമില്ല.

## Our Exchange Magazines

**October 4th, 1940, to 26th February, 1941.**

1. The Ernakulam Magazine.
2. St. Paul's College Magazine, Calcutta.
3. The American College Magazine, Madura.
4. The Andhra Christian College Magazine, Guntur.
5. Serampore College Magazine, Calcutta.
6. The Student Outlook.
7. The Govt. Victoria College Magazine, Madura.
8. The Pudukottai College Magazine, Pudukottai.
9. The Zamorin's College Magazine, Calicut.
10. Macmillan's Educational Bulletin, Madras.
11. The Alagian Student's Magazine, Allahabad.
12. The Kishori Raman Inter College Magazine, Muttra.
13. The Collegian, Nizam College Magazine, Secundrabad.
14. Madras Christian College Magazine, Madras.
15. St. Thomas College Magazine, Trichur.
16. The Indian Journal of Adult Education.
17. The Maharaja's College Magazine, Ernakulam.
18. Ewing Christian College Magazine, Allahabad.
19. Caritas, St. Joseph's Apostolic Seminary, Alwaye.

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye.